എഡിറ്റോറിയൽ

# സ്ത്രീ അബലയോ?

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം പീഢനത്തിലും പിൻപന്തിയിൽ അല്ല എന്ന് പറയുന്നതിൽ തെല്ലും അതിശയോക്തിയില്ല. പീഢനത്തിനിരയായ ഒരു സ്ത്രീയുടെ ശേഷം ജീവിതം ഒരു പാഴ്ജന്മമായി മാറുമ്പോൾ ഭാവിതലമുറയുടെ നിലനിൽപിനെയാണ് അത് ബാധിക്കുന്നത് എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കുന്നു. ഇവിടെയാണ് സ്ത്രീ അബലയോ? എന്ന ചോദ്യത്തിന് പ്രസക്തി ഉയരുന്നത്. സ്ത്രീ 'അബല' യല്ല 'പ്രബല' യാണ് എന്ന സ്വയം തിരിച്ചറിവാണ് പ്രധാനം.

സ്വന്തം ശക്തി എന്താണ് എന്ന് അവൾ അറിയണം. ജീവിതം സൗഭാഗ്യപ്രദമാക്കാനുള്ള എല്ലാ സർഗ്ഗശക്തിയും അവളുടെ മുമ്പിൽ ഈശ്വരൻ നിക്ഷേപിച്ചിട്ടുണ്ട്. ഭയപ്പെടാതെ അവയെ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. കാരണം ഭയപ്പെടുന്ന വ്യക്തിയെയാണ് ശത്രു കീഴ്പ്പെടുത്തുക. ശത്രുവിനെ നേരിടാനുള്ള ആയുധങ്ങൾ മനുഷ്യശരീരത്തിൽ തന്നെ സൃഷ്ടാവ് ക്രമീകരിച്ചിട്ടുണ്ട്. അതായത് തലമുതൽ പാദം വരെ എല്ലാം പ്രതിരോധ ആയുധങ്ങളാണ് എന്ന് സ്ത്രീകൾ മനസ്സിലാക്കണം. നിസ്സംഗതയോ നാണക്കേടോ സഹിച്ച് പീഢനത്തിന്വിധേയരായിജീവിക്കേണ്ടവരല്ലസ്ത്രീകൾ. ചിലപ്പോൾ സ്ത്രീ 'അബല' എന്ന ലേബലിൽ പരാജയപ്പെട്ടേയ്ക്കാം. എങ്കിലും സ്ത്രീയ്ക്ക് ഒറ്റയ്ക്ക് നിന്ന് പോരാടുന്നതിനും വിജയിക്കുന്നതിനും ലക്ഷ്യത്തിൽ എത്തുന്നതിനും സാധിക്കും. അതിന് അവൾ വീണിടത്തു നിന്ന് എഴുന്നേൽക്കുകയും കരുത്താർജ്ജിക്കുകയും വേണം.

'പച്ചവിരൽ' എന്നൊരു പുസ്തകം വായിച്ചു. ഇന്ന് കേരളത്തിൽ നിന്ന് അറിയപ്പെടുന്ന വിധം എന്നാൽ അറിയപ്പെടാത്ത വിധം ജീവിതം സ്വന്തമായി കെട്ടിപ്പടുക്കാതെ കൈവിട്ട് പറന്ന മലയാളി, സാഹസികതയുടെ ആ മുഖം ദയാബായിയാണ്. പാലാക്കാരിയായ മേഴ്സി ബീഹാറിലെ പലാമ ജില്ലയിലെ ഗോത്രവർഗ്ഗ മേഖലയിൽ ആദിവാസികളെ പോലെ അവരിലൊരുവളായി അവരുടെ അവകാശങ്ങൾക്കു വേണ്ടി നിലകൊണ്ടപ്പോൾ സ്ത്രീ ആരുടേയും അടിമയാകാൻ വിളിക്കപ്പെട്ടവളല്ല. മറിച്ച് അവൾ പുരുഷനൊപ്പം നിൽക്കേണ്ടവളാണെന്ന തിരിച്ചറിവിന്റെ – അതിജീവനത്തിന്റെ പര്യായമായി.

സ്കൂൾ തുറക്കുകയാണല്ലോ,. 5–ാം ക്ലാസ്സിൽ തന്നെ പ്രേമത്തിന്റെ കനൽ കുഞ്ഞു മനസ്സുകളിൽ വീഴുന്നു. 'ലൈൻ' ഇല്ലാത്തത് ഒരു വലിയ കുറവായികണ്ട് ലൈനിലേയ്ക്ക് അവൾ/അവൻ നിർബന്ധിക്കപ്പെടുന്നു. സ്വന്തം ശരീരത്തെ നിർമ്മലമായി സൂക്ഷിക്കാനുള്ള ഒരു തീരുമാനം കുഞ്ഞുമക്കൾ അദ്ധ്യായനവർഷാരംഭത്തിൽ തന്നെ എടുക്കണം.

അതിജീവനത്തിന്റേയോ പ്രതിരോധത്തിന്റേയോ അറിവുകൾ ഇല്ലാതിരിക്കുകയും ലക്ഷ്യം മറക്കുകയും ചെയ്യുമ്പോൾ സാമൂഹ്യമാദ്ധ്യമങ്ങളുടെ അപക്വമായ ഉപയോഗം മൂലം വലിയ കെണികളിലേയ്ക്കും ആത്മഹത്യയിലേയ്ക്കും ജീവിതം കൂപ്പുകുത്തുന്നു. ദയാബായിയുടെ ആത്മധൈര്യം നമുക്ക് മാതൃകയാക്കാം. പ്രശ്നസങ്കീർണ്ണമായ ഈ കാലഘട്ടത്തിലും എഴുപത്തിയഞ്ചാം വയസ്സിലും അവളുടെ കർമ്മവീര്യം കുറഞ്ഞിട്ടില്ല. നമുക്കും ദയാബായിയെപോലെ ഒരു യഥാർഥ സ്ത്രീയായാലെന്താ?.

കരുണയുടെ ഈ വർഷം പീഢനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നവർക്ക് കൈത്താങ്ങാകാനും മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നതിൻെറ ആനന്ദം ആസ്വദിക്കുവാനും യഥാർത്ഥ സംസ്ക്കാരശൈലി ആർജ്ജിച്ചെടുക്കുവാനും ഈ ജൂൺ മാസത്തിൽ നമുക്ക് തുടക്കം കുറിക്കാം.

സസ്നേഹം

**സി. വിമല G**





# സ്ത്രീശാക്തീകരണവും പ്രതിസംസ്കൃതിയും




ഫാ. സണ്ണി വടക്കേറ്റം

സ്ത്രീശാക്തീകരണം ഒരു പ്രതിസംസ്കൃതിയുടെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ സ്ത്രീശാക്തീകരണം എന്നതിലുപരി ഒരു 'പ്രതിസംസ്കൃതി' രൂപപ്പെടുത്തുവാൻ സ്ത്രീകൾക്ക് എന്തു ചെയ്യാൻ സാധിക്കും എന്നതാണ് പ്രസക്തമാകുന്നത്. കാരണം അതിന്റെ മുൻനിരയിൽ നേതൃത്വം ഏറ്റെടുക്കേണ്ടത് ആരാണെന്നുള്ള ചോദ്യത്തിന് ഉത്തരം പറയേണ്ടത് സ്ത്രീകൾതന്നെയാണ്. സമൂഹത്തിന്റെ എല്ലാ തിക്തഫലങ്ങളിലും വേട്ടയാടപ്പെടുന്നത് സ്ത്രീകളാണ് എന്നുള്ളതുകൊണ്ട് വേദനിക്കപ്പെടുന്നവരുടെ സ്വരമായി തീരുവാൻ സ്ത്രീകൾ തന്നെ മുമ്പോട്ടു വരണം. അതിന്റെ ചില വശങ്ങൾ വിശകലനം ചെയ്യുന്നത് ഉചിതമാണ്. ഏതെല്ലാം മേഖലയിൽ പ്രതിസംസ്കൃതി രൂപപ്പെടുത്തണം

ഏതു സംസ്ക്കാരത്തിന്റെയും അടിസ്ഥാന ഘടകം കുടുംബമാണ്. ഒരു രാഷ്ട്രത്തിന്റെ – സമൂഹത്തിന്റെ – സഭാസമൂഹത്തിന്റെ പിള്ളത്തൊട്ടിലാണ് കുടുംബം. അതിനാൽ കുടുംബത്തിൽ തുടങ്ങണം ഈ പ്രതിസംസ്കൃതി. കാരണം കുടുംബത്തിലെ ചെറിയ ചലനങ്ങൾക്ക് ദൂരവ്യാപകമായ പ്രതിധ്വനി ഉള്ളതുകൊണ്ട് നല്ലശീലങ്ങൾ രൂപപ്പെടുത്തുവാൻ മാതാപിതാക്കൾ പ്രത്യേകിച്ച് 'കുടുംബത്തിലെ 'വിളക്കെ'ന്നു പറയുന്ന അമ്മയ്ക്കു സാധിക്കണം. സ്ത്രീകളെ അംഗീകരിക്കാനും ബഹുമാനിക്കാനും ആൺകുട്ടികളെയും, മാന്യമായി സമൂഹത്തിൽ തന്റെ വ്യക്തിത്വം പ്രകടമാക്കാൻ പെൺകുട്ടികളെയും അമ്മ പഠിപ്പിക്കണം. എവിടെ ഒരു സ്ത്രീ അപമാനിക്കപ്പെടുന്നുവോ അവിടെ സംസ്ക്കാരത്തിന്റെ ശിഥിലീകരണം സംഭവിക്കുന്നു എന്ന ബോധ്യം കുടുംബത്തിലുണ്ടാവണം.

ഇന്നിന്റെ സംസ്ക്കാരം സ്ത്രീകളെ കമ്പോളവസ്തു മാത്രമായി കാണുകയും ഉപയോഗിക്കുകയും ചെയ്യുമ്പോൾ അതിൽ ബോധപൂർവ്വം സ്ത്രീകൾ ഇടപെടുന്ന സാഹചര്യം ഉണ്ട് എന്നത് വേദനാജനകമാണ്. പണം ജീവിതത്തിന്റെ എല്ലാം എന്നുകരുതുന്ന ഒരു സംസ്ക്കാരത്തിന്റെ വക്താക്കളായി ഇന്നു ജനം മാറുന്നു. നമുക്കിടയിൽ പീഡിപ്പിക്കപ്പെടുന്ന – അവഗണിക്കപ്പെടുന്ന – ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീകളെ കാണാനുള്ള കണ്ണ് സമൂഹത്തിന്റെ രാഷ്ട്രീയ സാംസ്ക്കാരിക നേതാക്കൾക്ക് ഇല്ലാതെപോയാലും സ്വന്തം സ്ത്രീവർഗ്ഗത്തിന് അതുണ്ടാകേത് ആവശ്യമാണ്. മാന്യതയുടെ അതിർവരമ്പുകൾ സ്വയം ലംഘിക്കാതെ മാന്യമായി സമൂഹത്തിൽ പെരുമാറാൻ സ്ത്രീകൾ പഠിക്കണം എന്നത് അവർ വിസ്മരിച്ചുകൂടാ.

സ്ത്രീകൾക്ക് പൊതുവേ ഉണ്ടാകേണ്ട ഒരു ധാരണയാണ് സ്ത്രീകൾ ഒരു വസ്തുവല്ല, ഒരു വ്യക്തിയാണ് എന്നുള്ളത്. മറിച്ച് സംഭവിച്ചാൽ പ്രതികരിക്കാൻ സ്ത്രീകൾ തയ്യാറാകണം. ഇങ്ങനെ സമൂഹത്തിൽ പ്രതികരണം ശക്തമാകുമ്പോൾ സമൂഹത്തിന് അതുതെറ്റാണെന്നുള്ള ബോധ്യമുണ്ടാകും.ഒരുപക്ഷേനിയമവും നീതിപാലകരും അതിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോള് സ്ത്രീകൾ തന്നെ മുന്നോട്ടിറങ്ങണം. ഇന്ന് കേരളത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോള് അതിന് എതിർ പ്രതികരണം കൂടിവരുകയാണ്. സമൂഹത്തിൽ പീഢനത്തിനും മറ്റു സാമൂഹിക തിന്മകൾക്കും ഇരയാകുന്ന സ്വന്തം വർഗ്ഗത്തോട് സമൂഹത്തിന് പൊതുവിൽ കാരുണ്യ മനോഭാവം ഉണ്ടാകണം. അതില്ലെങ്കിൽ സ്ത്രീകൾ തന്നെ അവരെ ആശ്വസിപ്പിക്കാനും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാനും പിന്നീടുള്ള അവരുടെ ജീവിതം ഇരുളടഞ്ഞു പോകാതിരിക്കാനുള്ള മുൻകരുതലെടുക്കാനും തയ്യാറായെങ്കിൽ മാത്രമേ തഴയപ്പെട്ടവരോട് സമൂഹത്തിനും താത്പര്യം ഉണ്ടാവുകയുള്ളൂ. ഇന്ന് നടക്കുന്ന എല്ലാ കുറ്റകൃത്യങ്ങളും പരിശോധിച്ചാൽ അതിനു പിന്നിൽ ഒരു സ്ത്രീ സാന്നിദ്ധ്യമുണ്ടെന്നുള്ളത് സത്യ



**ഏതു സംസ്ക്കാരത്തിന്റെയും അടിസ്ഥാന ഘടകം കുടുംബമാണ്. ഒരു രാഷ്ട്രത്തിന്റെ – സമൂഹത്തിന്റെ – സഭാസമൂഹത്തിന്റെ പിള്ളത്തൊട്ടിലാണ് കുടുംബം. അതിനാൽ കുടുംബത്തിൽ തുടങ്ങണം ഈ പ്രതിസംസ്കൃതി.**

മാണ്. അതുമറച്ചുവയ്ക്കുവാൻ സാധിക്കുകയുമില്ല. അതുകൊണ്ട് അങ്ങനെയുള്ള സ്ത്രീകളെ മാന്യവൽക്കരിക്കുന്ന – അതിനെ പർവ്വതീകരിക്കുന്ന മാധ്യമങ്ങളുടെ ഗൂഢശ്രമങ്ങളെ ചെറുക്കാൻ സ്ത്രീകൾ മുൻപോട്ടു വരണം.

ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരത്തിൽ ജീവിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെ പൂർണ്ണമായി അവഗണിച്ച് മുമ്പോട്ടു പോകുവാൻ നമുക്കു സാധിക്കുകയില്ല. ഫെയ്സ് ബുക്കിൽ ലൈക്കു കിട്ടുവാൻ കിണഞ്ഞു പരിശ്രമിക്കുകയും, മിസ്സ്ഡ് കോളിന്റെ മാസ്മരിക ലോകത്തിൽ നിന്നും യാഥാർത്ഥ്യ ലോകത്തിന്റെ ചതിക്കുഴികളിലേയ്ക്ക് വഴുതിവീഴുകയും, ചാറ്റിംഗിലൂടെ ചീറ്റുചെയ്യപ്പെടുകയുമാണ് പലപ്പോഴും ഇന്നു സംഭവിക്കുക. അതുകൊണ്ടുതന്നെ അവയുടെ വിവേകത്തോടെയുള്ള ഉപയോഗം ആവശ്യമാണ്. സ്വയം വരുത്തിവയ്ക്കുന്ന ഇത്തരം അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുവാൻ സ്ത്രീകൾക്കാകണം. അതിനു വേപ്പെട്ട അധികാരികളെ കുറഞ്ഞപക്ഷം പ്രേരിപ്പിക്കുകയെങ്കിലും ചെയ്യുക എന്നത് ഒരു പ്രതിസംസ്കൃതിയുടെ അനിവാര്യഘടകമാണ്.

കുടുംബത്തെ കാർന്നുതിന്നുന്ന ക്യാൻസറെന്ന സീരിയലുകൾ കാണുവാൻ വിഡ്ഢിപ്പെട്ടിയുടെ മുമ്പിൽ മണിക്കൂറുകൾ ചിലവഴിക്കുന്ന സ്ത്രീകൾ തങ്ങളുടെ അന്തസ്സും മാന്യതയും വിലകുറച്ചുകാണിക്കുന്ന സീരിയൽ സംസ്ക്കാരത്തെ എതിർക്കാന് തയ്യാറാകണം. ഇല്ലെങ്കിൽ ഇത് കുടുംബത്തിലും സമൂഹത്തിലും സ്ത്രീകളുടെ സ്ഥാനത്തിനും നിലനിൽപ്പിനും ഭീഷണിയായി മാറുമെന്ന് മനസ്സിലാക്കാനുള്ള വിവേകമുണ്ടാകുന്നതും സ്ത്രീശാക്തീ കരണത്തിന്റേയും പ്രതിസംസ്കൃതിയുടേയും ഭാഗം തന്നെയാണ്.

ഇപ്രകാരം പ്രതികരിക്കുമ്പോൾ വീണവർക്ക് തങ്ങളെ താങ്ങാൻതങ്ങൾക്കിടിൽ തന്നെ ആളുകള് ഉണ്ടെന്ന ചിന്ത ഒരു പുത്തൻ ഉണർവ്വിലേയ്ക്ക് നയിക്കും. ഏതുപ്രതികരണവും നടക്കേണ്ട ആദ്യഘടകം കുടുംബമായതുകൊണ്ട് പ്രതിസംസ്കൃതിയുടെ കാറ്റുവീശുന്ന പുണ്യഭൂവായ് മാറുവാൻ കുടുംബങ്ങൾക്കാകട്ടെ. കുടുംബത്തിലെ വിളക്കായ അമ്മ കുടുംബ ശോഭയിൽ ജ്വലിച്ചുയരുമ്പോ അവിടെ നിന്നു പുറപ്പെടുന്ന ജ്വാലകിരണങ്ങളായ കുടുംബാംഗങ്ങൾ അതിന്റെ ശോഭയിൽ സമൂഹത്തിൽ പ്രതിസംസ്കൃതിയുടെ വിശാല ഭൂവിലേയ്ക്ക് സമൂഹത്തെ നയിക്കാൻ ത്രാണിയുള്ളവരാകും. ഇതിന് ഓരോ സ്ത്രീയ്ക്കും സാധിക്കട്ടെ. കാരണം അവൾ സഹോദരിയാണ് – സ്നേഹിതയാണ് – ഭാര്യയാണ് – അമ്മയാണ്. ഇതുവഴി സമൂഹത്തിൽ അവൾ സംരക്ഷണം അർഹിക്കുന്നവളാണ് എന്ന ബോധ്യം കൊടുക്കാൻ സ്ത്രീശാക്തീകരണ പ്രസ്ഥാനങ്ങൾക്ക് സാധിക്കട്ടെ എന്നതാണ് പുതിയ സംസ്ക്കാരത്തിന്റെ കാതൽ.





# നീതിബോധം



അഡ്വ. സുസ്മിത ജോൺ

മനുഷ്യജീവി എന്ന നിലയിൽ ഏവർക്കും അർഹതപ്പെട്ട മാന്യതയും അംഗീകാരവും ലഭിക്കുക എന്ന അടിസ്ഥാന സമീപനത്തിൽ നിന്നാണ് മനുഷ്യാവകാശങ്ങൾ എന്ന ആശയം രൂപം കൊണ്ടത്. ജാതി, മത, ലിംഗ, വർഗ്ഗ, വർണ്ണ പ്രദേശിക ഭേദമന്യേ എല്ലാവരെയും തുല്യരായി കണക്കാക്കുകയും വിവേചനങ്ങൾ പൂർണ്ണമായി ഇല്ലാതാക്കുകയുമാണ് മനുഷ്യാവകാശ പ്രഖ്യാപനങ്ങളുടെ അന്തഃസത്ത. സാർവ്വ ദേശീയ മനുഷ്യാവകാശങ്ങളുടെ വികസനം ഐക്യരാഷ്ട്രസഭയുടെ സ്ഥാപനവും വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടേയും അന്തഃസിനെ അംഗീകരിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിനും തുല്യതയ്ക്കും വേണ്ടി രൂപപ്പെടുത്തുന്ന സാർവ്വത്രിക മനുഷ്യാവകാശ പ്രഖ്യാപനം ഐക്യരാഷ്ട്ര സഭ 1948 – ൽ അംഗീകരിച്ചു. വ്യക്തികളെന്ന നിലയിൽ എല്ലാ മനുഷ്യർക്കും ലഭ്യമാക്കേണ്ട എല്ലാ അവകാശങ്ങളും സ്ത്രീകൾക്കും ലഭ്യമാക്കണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ സ്ത്രീപുരുഷ സമത്വത്തിനു വേണ്ടിയുള്ള (തുല്യാവകാശം) അവകാശങ്ങളെ

മനുഷ്യാവകാശങ്ങളുടെ പട്ടികയിൽ പ്രതിഷ്ഠിക്കാൻ പൊതുവേ ഭരണകൂടം തയ്യാറായിരുന്നില്ല. സ്ത്രീ കൾക്കെതിരെയുള്ള അതിക്രമങ്ങളും വിവേചനങ്ങളും ചൂഷണവും വർദ്ധിക്കുന്നത് അവരെ മനുഷ്യരല്ലാതാക്കുന്നത്(dehumanise)മൂലമാണ്. സ്ഥല, കാല, വർണ്ണ, വർഗ്ഗ, സംസ്ക്കാര, പ്രായഭേദമന്യേ കണ്ടുവരുന്ന ബലാത്സംഗം, അതിക്രമങ്ങൾ, സാമ്പത്തിക ലൈംഗിക ചൂഷണം, മതപരവും സാംസ്കാരികവുമായ അടിച്ചമർത്തൽ അല്ലെങ്കിൽ സ്വാതന്ത്ര്യമില്ലായ്മ, സ്ത്രീകളെ പീഡിപ്പിക്കുന്നവരെയും മർദ്ദിക്കുന്ന ഭർത്താക്കന്മാരെയും ശിക്ഷിക്കാൻ ഭരണകൂടം കാണിക്കുന്ന വിമുഖത തുടങ്ങിയവയെല്ലാം സ്ത്രീകൾ നേരിടുന്ന അവകാശലംഘനങ്ങളാണ്. സ്ത്രീകളെ മനുഷ്യരിലെ താഴ്ന്നവരായി കണക്കാക്കുന്ന കീഴ്വഴക്കങ്ങളും പ്രവർത്തികളും അവസാനിപ്പിക്കുകയെന്നത് മനുഷ്യാവകാശ പ്രവർത്തനമാണ്.

ഭരണകൂടത്തിന്റെ ഉത്തരവാദിത്വങ്ങളെക്കാൾ ഭരണകൂടത്തിന്റെ അധികാരത്തിനാണ് പൊതുവേ ഊന്നൽ ലഭിക്കുന്നത്. അതുകൊണ്ട് തന്നെ ലിംഗാടിസ്ഥാനത്തിൽ വ്യാപകമായി നിലനിൽക്കുന്ന വിവേചനങ്ങളെ ഇല്ലാതാക്കുകയെന്ന കടമകളെ അവഗണിക്കുന്ന പ്രവണതയാണ് കാണുന്നത്. അതിൽ നിന്നുതന്നെ ഭരണകൂടം ലൈംഗിക വിവേചനങ്ങൾ രാഷ്ട്രീയ പ്രശ്നമായി അംഗീകരിക്കുന്നില്ലെന്ന് വ്യക്തമാണ്. സ്ത്രീകളുടെ അവകാശ പ്രശ്നങ്ങളുടെ അടിച്ചമർത്തൽ വിശാലവും ആഴത്തിലുള്ളതുമാണ്. അവ സ്വാഭാവികവും ഒഴിവാക്കാനാവാത്തതുമാണെന്ന മിഥ്യാധാരണ പ്രബലപ്പെടുത്താനുള്ള ബോധപൂർവ്വമായ ചർച്ചകളും പുരുഷാധിപത്യ സമൂഹം നിലനിർത്തുന്നു.

ഇന്ത്യൻ ഭരണ ഘടനയുടെ 15–ാം അനുച്ഛേദം ഉറപ്പുവരുത്തുന്നത് മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനന സ്ഥലമോ കണക്കാക്കിയുള്ള വിവേചനം നിരോധിക്കുക എന്നുള്ളതാണ്. ഇതിൽ ഉപഭാഗം 3 ൽ



പറയുന്നത് ഇത്തരത്തിൽ വിവേചനം അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി രാഷ്ട്രത്തിന് പ്രത്യേകം വ്യവസ്ഥകളുണ്ടാക്കാം. ഇതിൻ പ്രകാരം 2005–ൽ നിർമ്മിച്ച നിയമമാണ് ഗാർഹിക പീഢന നിരോധന നിയമം.

ഇന്ത്യൻ ശിക്ഷാനിയമം 498 എയിൽ ഭർത്താവോ ഭർത്താവിന്റെ വീട്ടുകാരോ ഭാര്യയെ ക്രൂരതയ്ക്ക് വിധേയമാക്കുകയും അത് ആത്മഹത്യയിലേയ്ക്കോ, ഗുരുതരവും അല്ലാത്തതുമായ പരിക്കുകളിലേയ്ക്കോ, അവളുടെ ശരീരത്തിനോ ആരോഗ്യത്തിനോ ഹാനീകരമാക്കുകയോ ചെയ്യുന്നതിലേയ്ക്ക് നയിക്കുകയും ചെയ്താൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നയാൾ ശിക്ഷിക്കപ്പെടും. ഇന്ത്യൻ ശിക്ഷാനിയമം 509–ാം വകുപ്പ് പ്രകാരം സ്ത്രീത്വത്തിന് കളങ്കമേൽക്കും വിധം ആംഗ്യം കാണിക്കുകയോ അപമാനിക്കുകയോ ചെയ്താൽ ഒരു വർഷം തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. പെൺകുഞ്ഞാണ് എന്ന് അറിഞ്ഞ് ഗർഭം അലസിപ്പിക്കുന്നതോ ലിംഗനിർണ്ണയ പരിശോധന നടത്തുന്നതോ ഗുരുതരമായ കുറ്റകൃത്യങ്ങളാണ്. സ്ത്രീയുടെ മാന്യതയ്ക്ക് ഭംഗംവരുത്തുന്ന രീതിയിലുള്ള ബലപ്രയോഗം കുറ്റകരമാണ്. സ്ത്രീധനം ചോദിക്കുന്നതും വാങ്ങിക്കുന്നതും കുറ്റകരമാണ്. സ്ത്രീക്ക് എതിരെയുള്ള ബലാൽസംഗ പ്രവർത്തനങ്ങൾ അതിശക്തമായി നിയമം വിലക്കുന്നുണ്ട്.

ഭരണഘടന വിഭാവനം ചെയ്യുന്ന സ്ത്രീയുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയാണ് ഗാർഹികപീഢനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമത്തിന് രൂപം നൽകിയത്. ഈ നിയമം നിലവിൽ വന്നത് 2006 ഒക്ടോബർ 26–നാണ്.

ഗാർഹികബന്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രക്തബന്ധംകൊണ്ടോ, വിവാഹം മൂലമോ, വിവാഹിതരാകാതെ ദമ്പ

തികളെപ്പോലെ താമസിക്കുകയോ, ദത്തെടുക്കൽ മൂലമുണ്ടായ ബന്ധത്താലോ, കൂട്ടുകുടുംബത്തിലെ അംഗമെന്ന നിലയിലോ, ഒരു കൂരയ്ക്കു കീഴിൽ ഒന്നിച്ചു താമസിക്കുമ്പോൾ ഉണ്ടാകുന്ന ബന്ധമാണ്. ഏതെങ്കിലും കാലത്ത് ഒന്നിച്ചു താമസിച്ചവരായാലും അതും ഗാർഹിക ബന്ധത്തിൽപ്പെടുന്നു. ഗാർഹികബന്ധത്തിൽപ്പെട്ട അംഗങ്ങളിൽ നിന്നുണ്ടാകുന്ന പീഡനമാണ് ഗാർഹിക പീഡനം. ഗാർഹികപീഡനത്തെ നിയമം നാലായി തരംതിരിച്ചിരിക്കുന്നു: ശാരീരികമായ പീഡനം, വൈകാരിക പീഡനം, ലൈംഗിക പീഡനം, സാമ്പത്തികമായ പീഡനം.

മുൻ സൂചിപ്പിച്ചിരിക്കുന്ന നിയമങ്ങൾ സ്ത്രീകൾക്ക് പൊതുസ്ഥലത്തും പൊതു സമൂഹത്തിലും വീട്ടിലും സുരക്ഷിതരായിരിക്കുന്ന അവസ്ഥ സംജാതമാക്കുന്നതിനാണ്. എന്നാൽ നിയമ ഭരണം നടക്കാത്തതുകൊണ്ട് സമൂഹത്തിലെ ചില വ്യക്തികൾ നിയമത്തിന് വഴങ്ങാത്തവരും, സ്ത്രീയെ മനുഷ്യരായി കാണാൻ വിസമ്മതിക്കുന്നവരും ഉപഭോഗ വസ്തുവായി കാണുന്നവരുമാണ്. ഇത്തരത്തിലുള്ള കാഴ്ചപ്പാടും സ്ത്രീയ്ക്ക് എതിരെയുള്ള അതിക്രമങ്ങൾ കൂട്ടുവാൻ സഹായിക്കുന്നു. കൂടാതെ സ്ത്രീകൾക്ക് കായിക ക്ഷമത കുറവാണ് എന്ന് ധാരണയിൽ കയ്യേറ്റവും, ഉപദ്രവവും, കൊലപാതകവും നടക്കുന്നു. സ്ത്രീയോടുള്ള പുരുഷന്റെ കാഴ്ചപ്പാടിന്റെ പ്രശ്നമാണ് നിരന്തരമായി സ്ത്രീകളനുഭവിക്കുന്ന ദുരന്തത്തിന്റെ പ്രധാന കാരണം.

ഗർഭപാത്രത്തിലെ ശിശു മുതൽ ശവപ്പറമ്പിലെ സ്ത്രീയുടെ മൃതശരീരം വരെ സുരക്ഷിതമല്ല. എന്റെ അഭിപ്രായത്തിൽ പ്രധാനമായും സ്ത്രീകൾ മൂന്ന് രക്ഷാകവചങ്ങൾ ധരിക്കേണ്ടതുണ്ട്.

1. മേൽ സൂചിപ്പിച്ച രാഷ്ട്രത്തിന്റെ നിയമങ്ങളും നടപടികളും ക്ഷേമരാഷ്ട്രം എന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള പ്രവർത്തനവും ഇത് അടിസ്ഥാനമാക്കുന്ന സ്ത്രീ സുരക്ഷയും. ഇതിൽ ഭരണാധിപന്മാരും ന്യായാധിപന്മാരും വകുപ്പ് മേധാവികളും, ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെടെ ഒരു വലിയ സുരക്ഷയുടെ കവചം സ്ത്രീയുടെ മേൽ ഉണ്ടാകേണ്ടതുണ്ട്.

2. ധാർമ്മിക അന്തസത്ത ഉയർത്തിപ്പിടിപ്പിക്കുന്ന പൊതുസമൂഹത്തിന്റെ സംരക്ഷണം. ഇവിടെ സമൂഹത്തിലെ ഓരോ വ്യക്തിയും സ്ത്രീകളുടേയും കുട്ടികളുടേയും കാവലാളുകളാണ്. ഈ സുരക്ഷാ കവചം ഇല്ലാതെ പോയതാണ് കേരളത്തിന്റെ അരുമമകളായ പെരുമ്പാവൂർ കുറുപ്പുംപടിയിലെ നിയമ വിദ്യാർത്ഥിനി ജിഷയുടെ മരണത്തിന്റെ ഒരുകാരണം.

3. സ്ത്രീകൾ വ്യക്തിപരമായി തീർക്കേണ്ട സുരക്ഷാകവചം. ഇവിടെ സ്ത്രീയുടെ വ്യക്തിത്വത്തിന്റെ ഉന്നമനത്തിലൂടെയും വിവേകത്തിലൂടെയും ബുദ്ധിയിലൂടെയും അന്തഃസിലൂടെയും തുടങ്ങി സ്ത്രീകൾക്ക് ഈശ്വരൻ കൊടുത്തിട്ടുള്ള അതിമഹത്തായ പ്രഭയുടെ തിളക്കവും വെളിച്ചവുമാണ് ഈ സുരക്ഷാ കവചം. സ്ത്രീകൾ ദൈനംദിനം പോകുന്ന, നേരിടുന്ന, ഏർപ്പെടുന്ന

**ഗർഭപാത്രത്തിലെ ശിശുമുതൽ ശവപ്പറമ്പിലെ സ്ത്രീയുടെ മൃതശരീരം വരെ സുരക്ഷിതമല്ല.**

പ്രവർത്തനങ്ങൾ ഇതിലൂടെ അവളുടെ ഏകാഗ്രമായ മനസ്സ് സഞ്ചരിക്കേണ്ടതും ഇതിൽ സുരക്ഷിതത്വം ഇല്ലാ എന്ന് തോന്നുന്ന ഘട്ടത്തിൽ ഒന്നും രണ്ടും രക്ഷാകവചം എങ്ങനെ ധരിക്കാം എന്ന് ചിന്തിക്കേണ്ടതുമാണ്. അപ്പോൾ തന്നെ സ്ത്രീ ഉണരേണ്ടതും സ്ത്രീയെ കച്ചവടച്ചരക്കാക്കി മാറ്റുന്ന സമൂഹത്തിന്റെ പ്രവണതയെ തിരിച്ചറിഞ്ഞ് നിരന്തരമായി ആ പ്രവണതയോട് യുദ്ധംചെയ്യേണ്ടതുമാണ്. എന്നാൽ സമൂഹത്തിന്റെ ഈ പൊയ്മുഖം തിരിച്ചറിയാത്തിടത്തോളം കാലം അവൾ അടിമയാണ്. അടിമയ്ക്ക് സുരക്ഷിതത്വം ഇല്ല. അവകാശങ്ങളെ അനുഭവിക്കാനും സംരക്ഷണം ഉറപ്പുവരുത്താനും നാം നിരന്തരം പ്രയത്നിക്കണം. നമ്മുടെ പ്രിയപ്പെട്ട ജിഷയോടൊപ്പം നില്ക്കാൻ പൊതു സമൂഹത്തിന് എത്രമാത്രം കഴിഞ്ഞു എന്നത് ഒരു നാണം കെടുത്തുന്ന ചോദ്യമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്.

പതിറ്റണ്ടാുകളായി സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീകളോടുള്ള അധമസമീപനം ഇല്ലാതെയാക്കുവാൻ, മാന്യമായ വ്യക്തി പ്രഭയുള്ളവരുടെ നിരന്തരമായ പോരാട്ടം ആവശ്യമാണ്. നമുക്കും ആ പോരാട്ടത്തിൽ അണിചേരാം.



# സ്ത്രീകളിൽ അനുഗ്രഹീത



കുമാരി ഷൈമി

പരിശുദ്ധ അമ്മയുടെ തിരുസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തുമ്പോൾ ഡെയ്സിയുടെ ഹൃദയം കത്തിച്ചുവച്ച മെഴുകുതിരി പോലെ ഉരുകുകയായിരുന്നു. കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു. തന്റെ പൊന്നോമന മകന്റെ ഇപ്പോഴത്തെ ജീവിതം. അതാണ് അവളെ തളർത്തിയത്. ജീവിതത്തിൽ ഉയരങ്ങളിലെത്തേണ്ടവൻ, വാർദ്ധക്യത്തിൽ തനിക്ക് കൈത്താങ്ങകേണ്ടവൻ. ജീവിതപങ്കാളിയുടെ അകാലമരണത്തിലും അവളെ ജീവിക്കാൻ പ്രേരിപ്പിച്ചത് അവന്റെ കുസൃതി നിറഞ്ഞ ചിരിയായിരുന്നു. ഇനിയൊരു വിവാഹം വേണ്ട എന്നു തീരുമാനിച്ചതും അവനോടുള്ള സ്നേഹത്തിന് ഒരു കുറവും വരാതിരിക്കാനാണ്. തന്റെ ഭർത്താവായി വരുന്നയാൾക്ക് അവനെ തന്റെ മകനായി സ്നേഹിക്കാൻ കഴിയുമോ?... ഇനി അവനു ഞാനും, എനിക്ക് അവനും മാത്രം മതി എന്നു തീരുമാനിച്ചതും അതുകൊണ്ടുതന്നെയായിരുന്നു. എന്നാൽ അവൻ ഇന്ന് കാമ്പസ് കൂട്ടുകെട്ടിൽ പെട്ട് എല്ലാവിധ തിന്മകൾക്കും അടിപ്പെട്ട് ജീവിക്കുകയാണ്. മദ്യവും മയക്കുമരുന്നും അവനെ വേറൊരാളാക്കിയിരിക്കുന്നു. നിഷ്കളങ്കത നിറഞ്ഞ അവന്റെ മുഖം ഇന്ന് എന്തുക്രൂരത ചെയ്യാനും മടിയില്ലാത്ത ഒരാളുടേതുപോലെയായിരിക്കുന്നു. അവൾ ജപമാല കൈയ്യിലെടുത്തു. ഒരു നിമിഷം അവൾ പരിശുദ്ധ അമ്മയുടെ മുഖത്തേയ്ക്കു നോക്കി. തന്റെ ഏകമകൻ ക്രൂശിൽ മരിക്കാൻ കാരണമായവർക്കു വേണ്ടി മാദ്ധ്യസ്ഥ്യം യാചിക്കുന്നവൾ, എല്ലാം ക്ഷമിക്കുന്നവൾ. അതാണ് സഹനസ്ത്രീയായ പരിശുദ്ധ അമ്മ.

മെയ്യ് മാസം ഏതൊരു മരിയ ഭക്തരെയും സംബന്ധിച്ച് അത്ഭുതങ്ങളുടെ മാസമാണ്. കാരണം വണക്കമാസ പ്രാർത്ഥനയിലൂടെ പരിശുദ്ധ

അമ്മയോടുള്ള ഭക്തി അങ്ങേയറ്റം പ്രഘോഷിക്കാനും അമ്മയുടെ അനുഗ്രഹവർഷം ആവോളം ആസ്വദിക്കാനും കഴിയുന്ന പുണ്യ മാസമാണ്. പരിശുദ്ധഅമ്മയെ പ്പറ്റി ചിന്തിക്കുമ്പോൾ നന്മനിറ ഞ്ഞവളെ നിനക്കു സ്വസ്തി, കർത്താവു നിന്നോടു കൂടെ എന്ന ദൈവദൂതന്റെ അഭിവാദനം ശ്രവിച്ച നിമിഷം മുതൽ ഗാഗു ൽത്തായിൽ പുത്രന്റെ കുരിശി ന്റെ ചുവട്ടിൽ വരെയുള്ള ആ അമ്മയുടെ ജീവിതം ഒരു സ്ത്രീ ക്കും സങ്കൽപിക്കാൻ കഴിയുന്ന തിലും അപ്പുറമായിരുന്നു. അവി വാഹിതയായ ഒരു പെൺകുട്ടി ഗർഭിണിയാണ് എന്ന് സമൂഹം അിറഞ്ഞാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ഇന്നത്തെക്കാളേറെ അന്ന് കൂടുതലായിരുന്നു. അതും പരിശുദ്ധാത്മാവിൽ നിന്നാണ് താൻ ഗർഭംധരിച്ചിരിക്കുന്നത് എന്നുപറഞ്ഞാലോ, ആരെങ്കിലും വിശ്വസിക്കുമോ? ഒരമ്മയെന്ന നിലയിൽ അവൾ അനുഭവിച്ച വേദനകൾ ഏതൊരമ്മയ്ക്കും സഹിക്കാനാവുന്നതിലും അപ്പു റമായിരുന്നു. ബദ്‌ലഹേമിലെ കൊടും തണുപ്പിൽ തന്റെ കടിഞ്ഞൂൽ കുഞ്ഞിനു ജന്മം ന ൽകാൻ ഒരിടം കിട്ടാതെ വന്ന പ്പോൾ, ജറുസലേമിലേയ്ക്കുള്ള യാത്രയിൽ ഉണ്ണിയേശുവിനെ കാണാതെ വന്നപ്പോൾ, എല്ലാ റ്റിനുമുപരി പൊന്നോമന മകന്റെ കാൽവരിയിലേയ്ക്കുള്ള കുരി ശുയാത്ര ഇതൊക്കെ സഹിക്കേ ണ്ടിവന്ന ഒരമ്മ. അതാണ് പരി ശുദ്ധ അമ്മ. തലയിൽ മുൾമുടി യും, കലങ്ങിയ കണ്ണുകളും, ക്ഷീ ണിച്ച ശരീരവും, തോളിൽ മര ക്കുരിശും. ഏതൊരമ്മയ്ക്കാണ് കണ്ടുനിൽക്കാനാവുക. ചെയ്യാ ത്ത തെറ്റിന്, ലോകപാപങ്ങൾക്ക് മകൻ സ്വയം ശിക്ഷയേറ്റുവാങ്ങു മ്പോൾ ആ അമ്മയുടെ ഹൃദയം തകരുകയായിരുന്നു. അവസാനം കുരിശിൽതൂങ്ങിമരിച്ച മകന്റെ മൃതശരീരം അമ്മയുടെ മടി യിൽ കിടത്തിയപ്പോൾ ആ അമ്മ എത്രമാത്രം വേദനിച്ചിട്ടുണ്ടാ വും. എന്നിട്ടും അവൾ സഹിച്ചു, ക്ഷമിച്ചു.

ജപമാല ചൊല്ലിതീർന്ന പ്പോൾ ഒരു ദൈവികശക്തി അ വളിൽ ആവേശിച്ചിരുന്നു പരി ശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ ത്താൽ അവൾ ആശ്വസി പ്പിക്കപ്പെട്ടിരുന്നു. അവൾ മകന്റെ അടുക്കലേയ്ക്കു ചെന്നു. അവ ന്റെ മുഖത്തേയ്ക്കു നോക്കി പറ ഞ്ഞു, പണ്ട് നീ ചെറുതായിരുന്ന പ്പോൾ പാടവരമ്പത്തുകൂടി എന്റെ കൈയ്യിൽ തൂങ്ങി കഥകളൊക്കെ പറഞ്ഞ് നടന്നു പോയത് അപ്പു ക്കുട്ടാ നീ ഓർക്കുന്നുണ്ടോ?. അവൾ ആ സംഭവം ഒന്നുകൂടി വിവരിച്ചു. ചെളിനിറഞ്ഞുകിട ക്കുന്ന ചതുപ്പിന്റെ ഓരം ചേർന്ന് അനേകം താമരകൾ വിടർന്നു നിൽക്കുന്നതുകണ്ട് അവൻ പറ ഞ്ഞു. "നോക്കമ്മേ, എന്തു ഭംഗി യാണവയെ കാണാൻ നമുക്കു പറിക്കാം:"വളർന്നു പൊന്തിയ പാഴ്ചെടികൾക്കിടയിൽ രാജകീ യ ശോഭയോടെ വിടർന്നു നി ൽക്കുന്ന താമരയെ നോക്കി അമ്മ പറഞ്ഞു "നോക്കൂ അപ്പു ക്കുട്ടാ, താമര എവിടെയാണ് നിൽക്കുന്നതെന്ന് കണ്ടോ?. "അയ്യേ, ചെളിയും ചതുപ്പും ചുറ്റും എന്തു വൃത്തികെട്ട സ്ഥലമാ അമ്മേ?" അപ്പുവിനാകെ ഒരറപ്പ്. അമ്മ പറഞ്ഞു "നോക്കൂ അപ്പു, താമരപൂക്കൾ നമ്മെയൊരു പാഠം പഠിപ്പിക്കുന്നുണ്ട്" അതെ ന്താണമ്മേ?" അപ്പു സംശയ ത്തോടെ അമ്മയെ നോക്കി. താമര ചെളിയിലാണുണ്ടാകു ന്നത്. പക്ഷേ പൂക്കൾ അതിനു മുകളിലായി ഉയർന്നു നിൽക്കു ന്നു. കെട്ടിക്കിടക്കുന്ന ചെളിയോ, വെള്ളമോ ഒന്നും അതിനെ മലി നമാക്കുന്നില്ല. അതുപോലെ വേണം ലോകത്തിൽ നമ്മളും ആയിരിക്കുവാൻ ലോകത്താൽ മലിനമാക്കപ്പെടാതെ. അമ്മ തുടർന്നു നീ പഠിച്ച് വലിയ ആളാകുമ്പോൾ ലോകത്തിലുള്ള അഴിമതിയും ദുഷ്ഠതയുമൊക്കെ നിനക്ക് തിരിച്ചറിയുവാനാകും. എങ്കിലും ഈ ലോകത്തിൽ നിന്ന കന്ന് നമുക്ക് ജീവിക്കാനാവില്ല. ചെളിയിൽ വളരുന്ന താമര അ തിന് പ്രതീകമാണ്. ഈശോയു ടെ ജീവിതവും നമ്മെ ഇതുത ന്നെയാണ് പഠിപ്പിക്കുന്നത്. ഇത് പറഞ്ഞ ശേഷം അവൾ നിറ ഞ്ഞു തുളുമ്പിയ തന്റെ കണ്ണു കൾ തുടച്ചു. അപ്പു തന്റെ ഇപ്പോഴത്തെ ജീവിതം ഓർത്ത് മനംനൊന്തുകരഞ്ഞു. അമ്മ എത്ര മാത്രം തന്നെ സ്നേഹിക്കുന്നു എന്ന് അവൻ തിരിച്ചറിഞ്ഞു. അവൻ അമ്മയെ കെട്ടിപ്പിടിച്ചു മാപ്പു പറഞ്ഞു. ഇനിയൊരിക്ക ലും പഴയ ജീവിതത്തിലേയ്ക്കു തിരിച്ചു പോകില്ല എന്നവൻ വാക്കു കൊടുത്തു.

നമ്മുടെ നന്മയെ നമുക്കു മുറുകെ പിടിക്കാം. ദുഷ്ടതയു ടേയും തിന്മയുടേയും ലോകത്ത് നന്മ പ്രസരിപ്പിക്കാം. നമ്മിലുള്ള ഒരു നല്ല മൂല്യത്തെ മറ്റുള്ളവരി ലേയ്ക്കു പകരാൻ ശ്രമിക്കാം.

**"നന്മ നിറഞ്ഞവളെ നിനക്കു സ്വസ്തി, കർത്താവു നിന്നോടുകൂടെ"**




# സ്ത്രീ സുരക്ഷ

*"പിതോ രക്ഷതി കൗമാരേ;
ഭർത്രോ രക്ഷതി യൗവ്വനേ;
പുത്രോ രക്ഷതി വാർദ്ധക്യേ;
നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി"*



**മാസ്റ്റർ സജിത്ത്**

മനുസ്മൃതിയിൽ നൂറ്റാണ്ടുകൾക്കു മുമ്പ് കുറിക്കപ്പെട്ട അതേ വാക്കുകൾ ഇതര മതഗ്രന്ഥങ്ങളിലും പലഭാഗങ്ങളിലും പലരീതിയിൽ പരാമർശിച്ചുകാണുന്നു. സ്ത്രീ പുരുഷന്റെ വിനോദോപാധിയായും ഭോഗവസ്തുവായും മാത്രം പരിഗണിക്കുകയും അന്തഃപുരത്തിലെ സ്ത്രീജനങ്ങളുടെ എണ്ണക്കൂടുതലിൽ ഊറ്റം കൊള്ളുകയും ചെയ്തിരുന്ന നമ്മുടെ രാജഭരണകാലഘട്ടങ്ങൾ മുതൽ ആധുനികയുഗത്തിന്റെ സുഖലോലുപതയുടെ പാരമ്യതയിൽപോലും സ്ത്രീസമൂഹത്തോടുള്ള ഈ മനോനിലയ്ക്ക് ഒരു മാറ്റവും സംഭവിച്ചിട്ടില്ല. പകരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഈ രംഗത്ത് അൽപം കൂടി തീവ്രത കൈവന്നു എന്ന് വേണമെങ്കിൽ പറയാം.

സ്ത്രീ സംഘടനകൾ, വിമോചന പ്രസ്ഥാനങ്ങൾ, സർക്കാർ ഏജൻസികൾ തുടങ്ങി പലരീതിയിലും ബോധവത്ക്കരണപരിപാടികൾ, സ്ത്രീശാക്തീകരണ ക്യാമ്പുകൾ തുടങ്ങി നാടെങ്ങും ആഘോഷിക്കുന്നു. എങ്കിലും ശതമാനക്കണക്കിൽ തുലോം തുച്ഛമായ ചില ഞരമ്പുരോഗികളുടെ വികലമായ പ്രവർത്തനങ്ങൾമൂലം പുരുഷസമൂഹം ഒട്ടാകെ പ്രതിക്കൂട്ടിലാകുന്ന സംഭവങ്ങൾ നാടെങ്ങും അനുദിനം വർദ്ധിച്ചുവരുന്നു. കാരണം പലതാകാം. പുതുതലമുറയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം. ഇതിൽ പ്രധാനപ്പെട്ടതാണ് അടുത്തയിടെ ചില ദേശീയമാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ സത്യമെങ്കിൽ ഡൽഹി, മുംബൈ, ചെന്നൈ, ബംഗളുരു, നമ്മുടെ കൊച്ചി

തുടങ്ങിയ മെട്രോനഗരങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടെ മയക്കുമരുന്ന് ഉപയോഗിക്കുന്ന യുവതീയുവാക്കളുടെ എണ്ണം 20% വരെ വർദ്ധിച്ചിരിക്കുന്നു.

സോഷ്യൽ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സാപ്പ്, ടിറ്റർ, സ്കൈപ്പ് തുടങ്ങിയവയുടെ അതിപ്രസരം വേണ്ടതും വേണ്ടാത്തതുമായ കാര്യങ്ങളിൽ കൊടുക്കുന്ന അമിതപ്രാധാന്യം, മൊബൈൽ ഫോണിനോടുള്ള അടിമത്തം, ടിവി ചാനലുകളിൽ മത്സരബുദ്ധിയോടുകൂടി സംപ്രേക്ഷണം ചെയ്ത് വരുന്ന സെൻസർ ചെയ്യാത്ത സീരിയൽ കഥാപാത്രങ്ങളുടെ സ്വാധീനം, സമൂഹത്തിലെ കുറ്റവാളികൾക്കും ഫ്രോഡുകൾക്കും കൊടുംപാതകികൾക്കും പത്രമാധ്യമങ്ങളും ടിവി ചാനലുകളും ചാർത്തിക്കൊടുക്കുന്ന നായകപരിവേഷം, സരിതാനായരെപ്പോലുള്ളവർക്ക് സർക്കാർ ഏർപ്പെടുത്തുന്ന വി.ഐ.പി പരിവേഷം ഇവയൊക്കെ വളർന്നുവരുന്ന തലമുറയ്ക്ക് കൈമാറുന്ന തെറ്റായസന്ദേശങ്ങളാണ്.

ഇതിനേക്കാളൊക്കെ നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം സ്ത്രീകൾക്ക് സ്ത്രീകൾതന്നെ വിനയാകുന്നു എന്നതാണ്. അതായത് പരസ്യചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നവരും വി.വി.ഐ.പികൾ പോലും പങ്കെടുക്കുന്ന വമ്പൻ പ്രോഗ്രാമുകളിൽ സ്റ്റേജ് അവതാരികകളായി എത്തുന്ന യുവതികളുടെ അൽപ്പവസ്ത്ര സംസ്ക്കാരം നമ്മുടെ യുവതലമുറയിൽ ചെലുത്തുന്ന സ്വാധീനം ഏറെയാണ്. മറ്റൊരു പ്രധാന കാര്യം നമ്മുടെ കാലഹരണപ്പെട്ട നീതിന്യായവ്യവസ്ഥയുടെ നടത്തിപ്പിലുള്ള കാലതാമസമാണ്. ഇങ്ങനെ ചുറ്റുപാടും ഭീതിജനകമായ ഒരു അവസ്ഥ എത്തിനിൽക്കുന്ന ഈ നാട്ടിൽ പിറന്നുവീഴുന്ന ഓരോ പെൺകുഞ്ഞും മാതാപിതാക്കളുടെ നെഞ്ചിലെ നെരിപ്പോടിലൂടെ പിച്ചവെച്ച് മുന്നേറുന്നതിനിടെ അവൾക്കായി നമുക്ക് എന്തുചെയ്യാനാവും?

സമൂഹത്തിലെ നന്മതിന്മകളെ വേർതിരിച്ച് അറിയാനുള്ള ഒരു വിവേചനബുദ്ധി കുഞ്ഞുനാൾമുതൽ വളർത്തിയെടുക്കുക. അവരിൽ ഈശ്വരവിശ്വാസം, മാതാപിതാക്കളോടും ഗുരുക്കന്മാരോടും ബഹുമാനം, സഹജീവികളോട് കരുണ, സ്നേഹം തുടങ്ങിയ നല്ല ഗുണങ്ങൾ ഊട്ടിയുറപ്പിക്കുക. "ആട്ടിൻതോലണിഞ്ഞ ചെന്നായ" തുടങ്ങിയ ഗുണപാഠ കഥകൾ പറഞ്ഞുകൊടുക്കുക. സാധിക്കുമെങ്കിൽ അവരുടെ വല്യപ്പന്റെയും വല്യമ്മയുടേയും സാമീപ്യം ഇടയ്ക്കിടെ അവർക്ക് പ്രാപ്തമാക്കുക. ചെറിയ ശിക്ഷകൾ നൽകി അരുതാത്ത കാര്യങ്ങളിൽനിന്നും അവരെ അകറ്റി നിർത്തുക.

ഇനിയാണ് നാം ഏറ്റവും പ്രാധാന്യം നിറഞ്ഞ ഭാഗത്തേക്ക് കടക്കുന്നത്.

നാം എത്ര ശ്രദ്ധിച്ചാലും നമ്മുടെ പെൺകുഞ്ഞുങ്ങൾ ഏതുനിമിഷവും ആക്രമിക്കപ്പെടാം. ഈ പ്രതിസന്ധി മുന്നിൽക്കണ്ട് അവരെ അവരുടെ ശരീരത്തിന്റേയും ജീവന്റെയും മാനത്തിന്റേയും സ്വത്തിന്റേയും സ്വയം പ്രതിരോധകരും സംരക്ഷകരും ആക്കിതീർക്കുക. ഒപ്പംതന്നെ ഏതുപ്രതിസന്ധിയിലും തളരാതെ തന്റെയും ഒപ്പമുള്ളവരുടേയും രക്ഷ ഉറപ്പുവരുത്താവാൻ അവരെ കരുത്തരാക്കുക.

ഇതിന് ശക്തമായ ഒരു മനസ്സ് മാത്രം പോരാ, ഒപ്പം സ്വയം പ്രതിരോധസജ്ജമായ ഒരു ശരീരവും ഉണ്ടാവണം. ഇവിടെയാണ് കുങ്ഫൂ, കളരി, കരാട്ടെ തുടങ്ങിയ ആയോധനകലകളുടെ പ്രാധാന്യം. അക്കാഡമിക്കൽ വിദ്യാഭ്യാസത്തോടൊപ്പം പ്രാധാന്യം ഇങ്ങനെയുള്ള ആയോധനകലകൾക്കും നൽകി ചിട്ടയായ പരിശീലനത്തിലൂടെ അവരെ സ്വയം സജ്ജരാക്കേണ്ടത് തീർച്ചയായും നമ്മുടെ കടമയാണ്. ഉപരിപഠന സാധ്യതകളുടെ അടിസ്ഥാനത്തിൽ നമ്മുടെ പെൺകുഞ്ഞുങ്ങൾ പലപ്പോഴായി ഒറ്റക്കായി സഞ്ചരിക്കേണ്ടിവരുന്നു. ഇവിടെയാണ് ആയോധനകലകളുടെ പ്രാധാന്യം. ഒരാളെ കരുതിക്കൂട്ടി ഉപദ്രവിക്കുന്നതുപോലെയല്ല സ്വയരക്ഷയ്ക്കായി നാം എതിരാളിയെ പരുക്കേല്പിക്കുന്നത്. മാത്രമല്ല പരിശീലനത്തിലൂടെ നേടിയെടുത്ത ദൃഢതയാർന്ന ശരീരത്തിന്റെ ചടുലതയും ആത്മവിശ്വാസവും സ്ഫുരിക്കുന്ന നമ്മുടെ കുഞ്ഞുങ്ങളുടെ കണ്ണുകളിലെ തീക്ഷ്ണതയും നേരിടാൻ ശേഷിയില്ലാതെ ഏത് ഒറ്റകൈയ്യൻഗോവിന്ദച്ചാമിയും അവന്റെ മാളത്തിൽ ഒളിക്കും തീർച്ച.

**നമ്മുടെ പെൺകുട്ടികളുടെ രക്ഷ അവരുടെ കൈകളിൽ തന്നെ.**

# സ്വാതന്ത്ര്യം



**ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃക ചരിത്രം പരിശോധിക്കുമ്പോൾ ' വേദിക് കാലഘട്ടത്തിൽ സ്ത്രീ പുരുഷനൊപ്പം തുല്യപ്രാധാന്യം ലഭിച്ചിരുന്നവളാണ്**



സ്നേഹാ ഇമ്മാനുവൽ

ഇന്ന് ലോകത്തിന്റെ പലഭാഗത്തും ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് സ്ത്രീപ്രതിരോധവും, സ്ത്രീശാക്തീകരണവും. അടിച്ചമർത്തലിലും അടിമത്വത്തിലും കഴിഞ്ഞിരുന്ന സ്ത്രീ സമൂഹത്തിന് കരുത്ത്" ഈ വാക്യം ഇന്ന് ലോകമെങ്ങും മാറ്റൊലികൊള്ളുന്നു. ഇത് സ്ത്രീ സമൂഹത്തിന്റെ സുരക്ഷയ്ക്കും, സുസ്ഥിതിയ്ക്കും, വളർച്ചയ്ക്കും കാരണമാകുന്നു.

ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃക ചരിത്രം പരിശോധിക്കുമ്പോൾ "വേദിക്" കാലഘട്ടത്തിൽ സ്ത്രീ പുരുഷനൊപ്പം തുല്യപ്രാധാന്യം ലഭിച്ചിരുന്നവളാണ്. വേദം പഠിക്കാനും അധികാരം പങ്കിടാനും സ്ത്രീ പുരുഷനോളം തന്നെ യത്നിച്ചിരുന്നു. സ്ത്രീയേയും പുരുഷനേയും ഒരു തേരിന്റെ തന്നെ തുല്യപ്രാധാന്യമുള്ള രണ്ട് ചക്രങ്ങളായാണ് വീക്ഷിച്ചിരുന്നത്. അക്കാലത്ത് സ്ത്രീയെ മാനിക്കേണ്ടവളായി കണക്കാക്കി കുടുബത്തിൽ സ്ത്രീയുടെ അഭിപ്രായങ്ങൾക്ക് പ്രാധാന്യം കൽപിക്കുകയും ചെയ്തിരുന്നു.

എന്നാൽ മദ്ധ്യകാലഘട്ടത്തോടെ സ്ത്രീയുടെ പ്രാധാന്യം ഗണ്യമായി കുറയുകയും സ്ത്രീത്വം അവഗണിക്കപ്പെടുകയും ചെയ്തു. മാത്രമല്ല സതി, ശൈശവവിവാഹം, ബഹുഭാര്യാത്വം തുടങ്ങിയ ചൂഷണങ്ങളും സമൂഹത്തിൽ ഉടലെടുക്കുകയും ചെയ്യ്തു.

പിന്നീട് ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തോടെ മധ്യകാലഘട്ടത്തിന്റെ ദുരിതങ്ങൾ ഇന്ത്യൻ സ്ത്രീത്വത്തിൽ നിന്ന് വിമുക്തമാകാൻ തുടങ്ങി. രാജാറാം മോഹൻ

റോയിയെ പോലുള്ള നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങൾ ബ്രിട്ടീഷുകാരുടെ പ്രത്യേക പരിഗണനയ്ക്കും താത്പര്യത്തിനും വഴിതെളിച്ചു. ഇതിന്റെ ഫലമായി 1813 ൽ സതി ഇന്ത്യയിൽ നിർത്തലാക്കി. ഇതേതുടർന്ന് സ്ത്രീ പ്രതിരോധവും സ്ത്രീശാക്തീകരണവും ഇന്ത്യൻ സമൂഹത്തിന് അനിവാര്യമാണെന്ന ചിന്ത ഇന്ത്യൻ സമൂഹത്തിലേയ്ക്കു വന്നു. ഒപ്പം സ്ത്രീ സംരക്ഷണത്തിനും, ബോധവത്ക്കരണത്തിനും ഉപയുക്തമായ ആശയങ്ങളും പ്രസ്ഥാനങ്ങളും ഉടലെടുത്തു.

ഇന്ത്യയിൽ സ്ത്രീ സ്വാതന്ത്ര്യത്തിനും, സ്ത്രീപുരുഷ സമത്വത്തിനും ഊന്നൽ നൽകി ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തുടങ്ങി. ഇന്ത്യൻ ഭരണഘടന രൂപകല്പന ചെയ്തപ്പോൾ ഈ വിഷയം അതീവ ഗൗരവത്തോടെ കാണുകയും ഇതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഇതേതുടർന്ന് നിരവധി നിയമങ്ങൾ സ്ത്രീ സുരക്ഷയും, സ്ത്രീ സമത്വവും ലക്ഷ്യം വച്ചുകൊണ്ട് നിലവിൽ വന്നു. എങ്കിലും ഇത്രയേറെ അടിച്ചമർത്തപ്പെട്ട ഒരു സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് അത്ര എളുപ്പമായിരുന്നില്ല. എന്നാൽ നമ്മുടെ മാധ്യമങ്ങളും ആശയങ്ങളും ഇന്ത്യൻ സ്ത്രീത്വത്തെ വളരെയേറെ സ്വാധീനിച്ചു. 1980-കളിലെ പോസ്റ്റ് മോഡേൺ ചിന്താഗതിയിൽ ഇന്ത്യൻ ഫെമിനിസത്തിന്റെ നവീന ആശയങ്ങൾ സ്ത്രീകളിൽ നിന്നു തന്നെ സ്ത്രീ സുരക്ഷയ്ക്കും, സ്ത്രീ ശാക്തീകരണത്തിനും വേണ്ടി ലഭിച്ചുവെന്ന് ചരിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇതിന്റെ ഫലമായി തന്റെ അവകാശങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി പോരാടുന്ന സ്ത്രീത്വത്തെയാണ് കാണാൻ സാധിച്ചത്. ഈ മുന്നേറ്റം നിരവധി സ്ത്രീപ്രതിരോധ സംഘടനകൾക്കും സ്ത്രീ ശാക്തീകരണ പ്രസ്ഥാനങ്ങൾക്കും രൂപം നൽകി.



1995-96 കാലഘട്ടത്തിൽ രൂപംകൊണ്ട വനിത കമ്മീഷൻ, 2013 ൽ നിലവിൽ വന്ന 'നിർഭയ ആക്ട്' എന്നീ സംഘടനകളിലൂടെ സ്ത്രീ സുരക്ഷയും, സമത്വവുമാണ് ലക്ഷ്യം വയ്ക്കുക. നവീന മാധ്യമങ്ങളുടെ പൂർണ്ണ പിൻതുണ ഇതിൽ ശ്രദ്ധേയമാണ്. അതോടൊപ്പം തന്നെ സ്ത്രീ ശാക്തീകരണം സർക്കാരിന്റെ ഏറ്റവും പ്രധാന അജൻഡയായി മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി രൂപം കൊണ്ട പ്രസ്ഥാനങ്ങളാണല്ലോ കേരളത്തിലെ തന്നെ സ്ത്രീ സംഘടനകളായ കുടുംബശ്രീ, ഷീ-ടാക്സി തുടങ്ങിയവ. ഈ സംരംഭങ്ങൾ സ്ത്രീകളിൽ നിന്നുതന്നെ അവരുടെ പ്രതിരോധ സംരക്ഷണ മാർഗ്ഗങ്ങൾ, ആശയങ്ങൾ എന്നിവ മുന്നോട്ടുവയ്ക്കുകയും അവ സമൂഹത്തിൽ പ്രതിഫലിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും സ്ത്രീ ഇന്ന് അബലയല്ല. ശാക്തീകരണം എന്ന ലക്ഷ്യത്തിലേയ്ക്ക് ഒട്ടേറെ യാത്ര ചെയ്യേണ്ടതുണ്ട്. ഇന്ദിരാഗാന്ധി, കല്പനാ ചൗള, പ്രതിഭാ പാട്ടീൽ, അരുന്ധതി ഭട്ടാചാര്യ തുടങ്ങിയവരെ പോലുള്ള വനിതാരത്നങ്ങൾ ഈ യാത്രയിൽ സ്ത്രീ സമൂഹത്തിന് മാതൃകയാണ്. ശാസ്ത്രം, രാഷ്ട്രീയം, സാഹിത്യം, കായികം, തുടങ്ങിയ മേഖലകൾ സ്ത്രീകൾക്ക് അന്യമല്ല. ഇതിന് ഇന്ന് സ്ത്രീയെ ശക്തയാക്കിയ ആധുനിക മാധ്യമങ്ങളാണ് ഫെയ്സ് ബുക്ക്, വാട്ട്സ്ആപ്പ് തുടങ്ങിയവ.

സ്ത്രീ പ്രതിരോധം ഒരു നവോത്ഥാന കാലഘട്ടത്തിന് തുടക്കം കുറിച്ചിരിക്കുന്നു. കാരണം സ്ത്രീ തന്നെ സ്ത്രീയുടെ സുരക്ഷയൊരുക്കുന്നു, സംരക്ഷകയാകുന്നു. താൻ ആയിരിക്കുന്ന ദുഃസ്ഥിതിയോട് പ്രതികരിച്ച് അതിനെ അതിജീവിക്കുന്നു. ഇനിയും നമുക്ക് ശോഭനമായ ഭാവി ആവശ്യമാണ് കൂടുതൽ പ്രതിഭകളെ നമുക്ക് ലഭിക്കണം. ധീരരായ വനിതകൾ നമ്മുടെ നാടിനെ നയിക്കണം. പുതിയൊരു കുടുംബസൃഷ്ടി - സമൂഹസൃഷ്ടി അങ്ങനെ സാദ്ധ്യമാകട്ടെ.



# പ്രകാശം പരത്തുന്ന പെൺകുട്ടി



സി. നിർമ്മല എസ്.സി.ജെ.ജി

**ആമുഖം**

ഒറീസ്സായിൽ ബർഹാംപൂർ അല്ലെങ്കിൽ ബേരാംപൂർ എന്ന സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങി അവിടെ നിന്ന് ഏകദ്ദേശം 80 കിലോമീറ്റർ യാത്ര ചെയ്യ്താൽ പരലാക്കമുണ്ടി ജില്ലയിൽ മോഹന ബ്ലോക്കിൽ ചാന്ദിപുട്ട് എന്ന വില്ലേജിൽ നമുക്ക് എത്തിച്ചേരുവാൻ സാധിക്കും. അവിടെ ചെന്നാൽ ആ വില്ലേജിനോട് തൊട്ടുരുമ്മി ആശാഭവൻ എന്ന പേരിൽ ഒരു ബോർഡും ഗേറ്റും ഉണ്ട്. ഏകദ്ദേശം ഒന്നര വർഷങ്ങൾക്കു മുമ്പ് വരെ അവിടം മനോഹരമായി പടർന്നു പന്തലിച്ച ഒരു മാവും പശുക്കൾക്ക് മേയാൻ പറ്റുന്ന പുൽത്തകിടിയും മാത്രമായി കിടന്നിരുന്ന ഒരു വിജന സ്ഥലമായിരുന്നു. എന്നാൽ ഇന്ന് ആ മാവിൻ തണലിൽ സ്ത്രീ സമുദ്ധാര



ണത്തിനു വേണ്ടി അരങ്ങേറുന്ന ഏറെ കാര്യങ്ങൾ നമുക്ക് കാണുവാൻ സാധിക്കും.

## ഛാന്ദിപ്പുട്ട് ഒറ്റനോട്ടത്തിൽ

2012 – ൽ സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹത്തിലെ ഏതാനും സഹോദരിമാർ അവിടേയ്ക്ക് കടന്നു ചെന്നപ്പോൾ മുകളിലേയ്ക്ക് നോക്കിയാൽ ദൈവപരിപാലനയുടെ തണൽ, ചുറ്റുപാടും നോക്കിയാൽ ഒരു വശത്ത് 18 – വർഷമായി വി. കുർബാനയ്ക്കും മറ്റുകൂദാശകൾക്കുമായി ദാഹിക്കുകയും, തങ്ങളുടെ ഇടവകയ്ക്കും വില്ലേജിനും വന്നുഭവിച്ച ദുരന്താവസ്ഥയിൽനിന്ന് ഒരിറ്റു മോചനം ആഗ്രഹിക്കുകയും ചെയ്യുന്ന വിശ്വാസികളുടെ സമൂഹം. മറുവശത്ത് ആ പ്രദേശത്ത് ആദ്യകാലങ്ങളിൽ ക്രൈസ്തവ വിശ്വാസം പകർന്നു നൽകിയ ഇടവകദേവാലയവും അതിന്റെ പരിസരങ്ങളും കൈയ്യടക്കി 18 വർഷത്തിലധികമായി സ്വന്തമായ രീതിയിൽ നീങ്ങുന്ന ഒരു കൂട്ടം വിശ്വാസികളും അവർക്ക് നേതൃത്വം നൽകുന്ന വൈദികനും. തങ്ങളുടെ ആത്മീയ ആവശ്യങ്ങൾക്ക് ഒരു ഉത്തരം കിട്ടുന്നതിന് പെന്തക്കോസ്റ്റൽ സഭാവിഭാഗത്തിൽ ചേർന്നിരിക്കുന്ന മറ്റൊരുവിഭാഗം ആൾക്കാർ. പിന്നെ ഇടക്കിടെ ഫയലിൻ പോലുള്ള ചുഴലിക്കാറ്റുകൾ, ചിലപ്പോഴൊക്കെ ബജറന്താൾ, **RSS** പോലുള്ള ഗ്രൂപ്പുകാരുടെ ചില ഭീഷണികൾ. ഇവരിൽ നിന്നെല്ലാം വ്യത്യസ്ഥമായി വിദ്യാഭ്യാസത്തിലും സാമ്പത്തികനിലയിലും സാംസ്ക്കാരിക തലങ്ങളിലും ഉയർന്ന നിലവാരം പുലർത്തുന്ന സവർണ്ണ ഹിന്ദുക്കൾ. ക്രൈസ്തവരുടെ കൈയ്യിൽ നിന്ന് വെള്ളം കുടിക്കുകയോ അവർ പാകം ചെയ്യുന്ന ഭക്ഷണം കഴിക്കുകയോ ചെയ്യാത്തവർ. ചുറ്റുപാടും മലേറിയയുമായി മൂളിപറക്കുന്ന കൊതുകുകൾ. വേനൽക്കാലത്തെ കഠോര ചൂട്. മഴക്കാലത്തെ അതിവൃഷ്ഠി, മഞ്ഞുകാലത്തെ അതി ശൈത്യം.

ഇങ്ങനെ ഒരു സാഹചര്യത്തിലാണ് സാന്നിധ്യവും പ്രാർത്ഥനയും വഴി വർഷങ്ങളായി വഴിമുട്ടി നിൽക്കുന്ന അജപാലന ശുശ്രൂഷയിൽ ബേരംപൂർ രൂപതയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ അവിടുത്തെ ബിഷപ് സരത്ത് ഛന്ദ്ര നായിക് സെന്റ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സിനെ ഛാന്ദിപുട്ടിലേയ്ക്ക് ക്ഷണിക്കുന്നത്. സിസ്റ്റേഴ്സിന്റെ സാന്നിധ്യത്തിലൂടെ ഛാന്ദിപ്പുട്ട് ഇടവക പുനഃസ്ഥാപിക്കുക എന്നതായിരുന്നു ലക്ഷ്യം.

ദൈവപരിപാലനയിൽ ആശ്രയിച്ച് ഏറ്റെടുത്ത ഈ ദൗത്യം ദൈവകാരുണ്യത്താൽ പ്രതീക്ഷയ്ക്ക് അതീതമായ ഫലം ഉളവാക്കിയെന്ന് പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. ദൈവപരിപാലനയിലുള്ള ആശ്രയവും ദൈവകരുണയും കൂടെ ഒന്നു ചേർന്നപ്പോൾ ആശാഭവൻ ഒരു നാടിന്റെ വഴിവെളിച്ചമായി. ഒരു രൂപതയിലെ അനേകം കുടുംബങ്ങൾക്ക്, ആശയ്ക്ക് ഉറവിടമായി. അജപാലന ശുശ്രൂഷയുടെ വേദിയായി.

ദൈവകരുണയും, നല്ല മനസ്സും, ത്യാഗസന്നദ്ധതയും, അർപ്പണബോധവും ഒന്നുചേർന്നപ്പോൾ അത് സ്ത്രീകളുടെ സമുദ്ധാരണത്തിനും സുരക്ഷയ്ക്കുമുള്ള ഒരു ആശാകേന്ദ്രമായി.

മരുഭൂമിയിൽ അരുവികളും ഇരുട്ടിൽ വെളിച്ചവും ശൂന്യതയിൽ നിറവും സൃഷ്ടിക്കുന്ന ദൈവം ഛാന്ദിപുട്ടിൽ അത്ഭുതങ്ങൾ തന്നെ തീർത്തിരിക്കുന്നു എന്ന് പറയണം. അവയിൽ ചിലതിലേയ്ക്ക് ഒരു എത്തിനോട്ടം.

## പെൺകുട്ടി നാടിന്റെ വിളക്ക്

ഒരു വീട്ടിൽ ഒരു പെൺകുട്ടിയെ വിദ്യാഭ്യാസത്തിനു സഹായിച്ചാൽ അത് ആ വില്ലേജിന് ആ കുടുംബത്തിന് വലിയ ഒരു വഴിത്തിരിവാണ്. അവൾക്ക് തന്റെ വില്ലേജിലും കുടുംബത്തിലും മതപരമായ മൂല്യങ്ങൾ, ധാർമ്മികമായ അടിത്തറകൾ ഇവ പടുത്തുയർത്തുവാൻ സാധിക്കും. മൂല്യധിഷ്ഠിതമായ ഒരു ഭാവി തലമുറയ്ക്ക് അടിസ്ഥാനമിടുവാൻ അവൾക്ക് കഴിയും. ഈ കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ട് അവിടെ ഒരു ഹോസ്റ്റൽ തുടങ്ങിയിട്ടുണ്ട്. ആദ്യം നമ്മുടെ കോൺവെന്റിൽ തന്നെ ആയിരുന്നു പെൺകുട്ടികൾക്ക് താമസം നൽകിയിരുന്നത്. പിന്നീട് പലരുടേയും സഹകരണത്തോടെ ഒരു കെട്ടിടം പണിതു. ഇപ്പോൾ വിവിധ വില്ലേജുകളിൽ നിന്നായി 60 - ഓളം പേർക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ നൽകി വരുന്നു. ഒരു കുടുംബത്തെ, നാടിനെ, രാഷ്ട്രത്തെ പടുത്തുയർത്തുവാൻ സഹായിക്കുന്ന വിധത്തിൽ ശിക്ഷണം നൽകി വരുന്നു. ഇവരെ വളർത്തുവാൻ സന്മനസ്സുള്ളവർ ഒരു കുട്ടിയ്ക്കായി ഒരു വർഷം ആറായിരമോ ഏഴായിരമോ രൂപാ മാറ്റിവച്ചാൽ ഇതുപോലുള്ള ഒരു പെൺകുട്ടിയെ നമുക്ക് രാജ്യത്തിനു വേണ്ടി, തിരുസ്സഭയ്ക്കു വേണ്ടി, വളർത്തിക്കൊണ്ടുവരുവാൻ സാധിക്കും എന്ന സത്യം നമുക്ക് മനസ്സിൽ സൂക്ഷിക്കാം. വിദൂരതയിൽ നടക്കുന്ന സ്ത്രീ സമുദ്ധാരണത്തിൽ പങ്കുചേർന്നുകൊണ്ട് നമുക്കും ഒരു മിഷനറി ആകാം.

സ്ത്രീ ആരോഗ്യവതിയെങ്കിൽ ഒരു നാടിന്റെ ഭാവി ആരോഗ്യപൂർണ്ണം.

മുകളിൽ പറഞ്ഞ കാഴ്ചപ്പാടോടെ മെയിൻ റോഡിൽ നിന്ന് ഏകദേശം 30 – 40 കിലോ മീറ്ററുകൾ ഉള്ളിൽ സ്ഥിതിചെയ്യുന്ന വില്ലേജുകൾ സന്ദർശിച്ച് ആരോഗ്യപാലനം, ശുചിത്വം, ശിശുപരിപാലനം, ഗർഭിണികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പെൺകുട്ടികളുടെ വളർച്ചയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അവർക്ക് നൽകേണ്ട ബോധവത്ക്കരണം ഇവയെക്കുറിച്ചെല്ലാം ഗ്രാമങ്ങൾ തോറും സെന്റ് ജോൺ ഓഫ് ഗോഡ് സഹോദരിമാർ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകി വരുന്നു. ഇവിടെ ഇവരെ അഭിനന്ദിക്കേണ്ട ഒരു കാര്യമുണ്ട്. ഇവർക്ക് അപരിചിതമായ ഒരു ഭാഷയും അതിന്റെ ലിപികളും സ്വന്തമാക്കിയാണ് ഇവർ ഇതിന് ഇറങ്ങിത്തിരിച്ചിരിക്കുന്നത്. പലപ്പോഴും സമൂഹത്തിന്റെ അന്ധവിശ്വാസങ്ങൾക്കും അടിച്ചമർത്തലുകൾക്കും അന്ധമായ ആചാരാനുഷ്ഠാനങ്ങൾക്കും വിധേയമാകേണ്ടിവരുന്നത് സ്ത്രീയാണ്. അതിനാൽ സ്ത്രീകളെ ബോധവത്ക്കരിക്കുന്നതിലൂടെ ബോധവത്ക്കരിക്കപ്പെട്ട ഒരു തലമുറയെ രൂപപ്പെടുത്തുന്നു.

വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ ഇവിടുത്തെ 80% രോഗങ്ങളും അകറ്റിനിർത്താം. അതിനായി ഏറ്റവും സാധിക്കുന്നത് സ്ത്രീകൾക്കാണ് എന്ന് അവരെ ബോധ്യപ്പെടുത്തി കൊടുക്കുന്നു.

പ്രാചീന കാലങ്ങൾ മുതൽ നിലനിന്നിരുന്ന പല അനാചാരങ്ങളും ഇന്നും തുടരുന്ന ഗ്രാമങ്ങളും ജനവിഭാഗങ്ങളും ഇവിടെയുണ്ട്. അവ പലതും സ്ത്രീയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നവയാണ്. ഇവിടെ രോഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കും വളരെ പെട്ടന്ന് ഇരയാകുന്നത് സ്ത്രീകളാണ്. സിസ്റ്റേഴ്സ് രൂപതാ Social service society യുമായി സഹകരിച്ചു സിസ്റ്റേഴ്സ് നടത്തുന്ന ബോധവത്ക്കരണ പരിപാടികൾ ആരോഗ്യപൂർണ്ണമായ ഒരു ഭാവി പടുത്തുയർത്തുവാൻ സഹായിക്കും എന്ന് എടുത്തു പറയേണ്ടതാണ്.



## സ്ത്രീകളും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയും

ഒറീസ്സായിൽ സ്ത്രീകളാണ് പൊതുവേ എല്ലുമുറിയെ പണിയുന്നതും കുട്ടികളുടെ സംരക്ഷണത്തിനും അവരുടെ വളർച്ചയ്ക്കുമായി യത്നിക്കുന്നതും. പലപ്പോഴും സ്ത്രീ അദ്ധ്വാനിച്ചു കൊണ്ടു വരുന്നതുകൊണ്ട് പുരുഷന്മാർ മദ്യപിക്കുന്നു എന്നതും ഒരു ദുഃഖകരമായ അവസ്ഥയാണ്. ഭാവിയെ ലക്ഷ്യം വച്ച് പണം സൂക്ഷിക്കുന്നതിനും അത് ഉപയോഗപ്രദമായി ചെലവഴിക്കുന്നതിനും വീട്ടമ്മമാരെ പ്രാപ്തരാക്കുന്നതിന് ഭാര്യയ്ക്കും ഭർത്താവിനും ഒരുമിച്ച് കൗൺസിലിംഗും ബോധവത്ക്കരണവും നൽകിവരുന്നു. ഗവൺമെന്റുമായി സഹകരിച്ച് ഏകദ്ദേശം 25 അമ്മമാർക്ക് പശുവിനെ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു. ആദായകരമായ വിധത്തിൽ വീടിന് ആവശ്യമായവ കൃഷിചെയ്ത് തുടാക്കുന്നതിന് അവരെ ബോധവത്ക്കരിക്കുകയും അതിനുവേ സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

## വനിതാ – മാതൃ ദിനാഘോഷങ്ങൾ

പരിഷ്കൃത സമൂഹത്തിനു മാത്രം പരിചിതമായിരുന്ന വനിതാ മാതൃദിനങ്ങളുടെ ആഘോഷങ്ങൾ ഇവിടെയും വളരെ ക്രിയാത്മകമായി ആഘോഷിക്കുന്നു എന്നതും പ്രത്യേകം എടുത്തുപറയാവുന്നതാണ്.

വിദ്യാഭ്യാസമേഖലയിൽ പിന്നിൽ നിൽക്കുന്ന ഇവിടെ സാംസ്ക്കാരികാഭിവൃത്തിയിൽ കാര്യമായ വളർച്ചയില്ലാത്ത ഉൾപ്രദേശങ്ങളിൽ വനിതാ മാതൃദിനങ്ങളുടെ ആഘോഷങ്ങൾ പരിചയപ്പെടുത്തിയതിലൂടെ ഇവിടുത്തെ സ്ത്രീസമൂഹത്തിനു തന്നെ ഒരു പുത്തൻ ഉണർവ്വും ചൈതന്യവും നൽകി എന്നത് വളരെ ശ്രദ്ധേയമാണ്. വനിതാ ദിനങ്ങളിൽ പുരുഷ സമൂഹം സ്ത്രീകളെയും മാതൃദിനത്തിൽ കുട്ടികൾ അമ്മമാരെയും ആദരിക്കുവാനും ആശംസകൾ കൈമാറുവാനും ശ്രമിക്കുന്നു എന്നതും സമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ വന്ന മാറ്റങ്ങളാണ് സൂചിപ്പിക്കുന്നത്. ഒരുമിച്ചുകൂടുവാനും ഗ്രാമാന്തരീക്ഷത്തിൽ കൂട്ടായ്മ പങ്കുവയ്ക്കുവാനും എല്ലാവരും കൂടെ ഒരുമിച്ച് ഒരു ഉല്ലാസയാത്രക്ക് പോകുന്നതുമെല്ലാം ഒരു ഗ്രാമീണജനതയുടെ മധ്യേ നമുക്ക് എപ്രകാരം മാറ്റത്തിന്റെ പുളിമാവ് ആകാം എന്നതിന്റെ സൂചനയാണ്.

## ഉപസംഹാരം

പടർന്നുപന്തലിച്ചു നിൽക്കുന്ന മാവിൻചുവടും അതിനുചുറ്റും കാണുന്ന പുൽത്തകിടിയും അമ്മമാർക്കും, യുവതികൾക്കും ഒരുമിച്ചുകൂടാനും ചർച്ചകൾ നടത്താനും ആശയങ്ങൾ പങ്കുവയ്ക്കുവാനും ആഘോഷങ്ങൾക്ക് വഴിയാരുക്കുവാനുമുള്ള വേദിയായി മാറുന്നു. സ്ത്രീ സമുദ്ധാരണത്തിന്റേയും സ്ത്രീ വിമോചനത്തിന്റേയും സ്ത്രീ സുരക്ഷയുടേയും ആദ്യപാഠങ്ങൾ ഇവിടെ പങ്കുവയ്ക്കപ്പെടുന്നു. ഇവിടെയെത്തുന്ന സ്ത്രീകൾ തങ്ങൾക്കും ഒരു അന്തസ്സുണ്ട്, അഭിമാനമുണ്ട് സമൂഹത്തിന്റെ വളർച്ചയിൽ രാഷ്ട്രത്തിന്റെ ഉന്നതിയിൽ മറ്റാർക്കും ചെയ്യാൻ സാധിക്കാത്ത ആ വലിയ ഒരു ദൗത്യം നിർവഹിക്കുവാനുണ്ട് എന്ന ആത്മവിശ്വാസത്തോടെ മുന്നേറുന്നു. അങ്ങനെ സ്ത്രീ നാടിന്റെ വിളക്കായി ശോഭിക്കുന്നു.


**സ്ത്രീ നാടിന്റെ വിളക്കായി ശോഭിക്കുന്നു.**







# അമ്മേ...
## അമ്മയാണമ്മേയമ്മ



അനീറ്റ

അമ്മയെന്നോർക്കുമ്പോൾ
അകതാരിൽവിരിയുന്ന
ചെറുപുഷ്പമാണെന്റെ ജീവശ്വാസം
ഒത്തിരി സ്നേഹിച്ച് ലാളിച്ച് നീയെന്നെ
ഇത്തിരിനേരത്തിൽ പഥികയാക്കി
എങ്കിലും അമ്മേ നിൻ ഓർമ്മകൾ ഓരോന്നും
ഈ ചെറുവാക്കാൽ കുറിച്ചിടട്ടെ.
വേദനതിങ്ങുമാ പത്തുമാസത്തിൽ നിന്ന്
വേദിയിലേയ്ക്കെന്നെ കിടത്തിയില്ലേ.
ഉണ്ണിയാം എന്നുടെ കുഞ്ഞുകുസൃതികൾ
കണ്ണിമചിമ്മാതെ  കണ്ട തല്ലേ.
എന്റെ വയറിന്റെ കത്തലടക്കുവാൻ
നിന്റെ വിശപ്പിനെ കൊന്നതല്ലേ.
അല്ലലിൻ കാലത്ത് ചോറുമണികൾക്കായി
അല്ലിന്റെ മൂകത നീ ഹനിച്ചു
തുള്ളിയായ് പെയ്ത പെരുമഴയിൽ നിന്ന്
ഉണ്ണിയാം എന്നെ നീ രക്ഷിച്ചതാ
കുഞ്ഞുകുടുക്ക ഞാൻ പൊട്ടിച്ചെറിഞ്ഞപ്പോൾ
കുഞ്ഞുചെവിയിൽ നീ നുള്ളിയില്ലേ.
ഒച്ചവച്ചന്നു ഞാൻ ഓടിയണഞ്ഞപ്പോൾ
ഉച്ചിയിൽ നീയെനിക്കുമ്മതന്നു
തേൻകണം പോലെ നിൻ വാത്സല്യദുഗ്ദം
എൻ ഹൃത്തിൻ വെൺമയായ് തീർത്തതും നീ
നിൻചുടു മാറിന്റെ ചൂടേറ്റ് ഞാനന്ന്
ഉമ്മചോദിച്ചതും നിന്നോടല്ലേ.
അറിയുന്നു ലോകമേ അറിയുന്നു ഞാനെന്റെ
അറിവിന്റെ കോദാരമാം അമ്മയെ
എന്റെ വളർച്ചയിൽ എന്റെ വിളർച്ചയിൽ
നിന്നുടെ കൈകളാണെന്റെ നേട്ടം
എന്റെയീ ധന്യമാം ജീവിതനേട്ടങ്ങൾ
നിന്റെ വിയർപ്പിന്റെ സമ്മാനമാ
അച്ഛനെ ദേവനായി കാണാനും തന്നുടെ
ഇച്ഛയ്ക്കൊത്തു ഞാൻ വളർന്നിടാനും
എന്നെ പഠിപ്പിച്ച കാരുണ്യരൂപിണീ
നിന്നെ വണങ്ങി നമിക്കുന്നു ഞാൻ
ജീവൻ വെടിഞ്ഞിട്ടും നന്മയുണ്ടാകുവാൻ
നവജീവിതം തന്നൂ നീയെനിക്കായ്.
അമല മനോഹരി പനിനീരിൻ പുഷ്പമേ
ഏകുന്നു ഞാനെന്റെ സർവ്വസ്വവും.



# വിധിയിൽ തളരാതെ



**സി. ഡിജി മരിയ എസ്.സി.ജെ.ജി**

പുരുഷനുള്ള എല്ലാ അവകാശങ്ങളും സ്ത്രീയ്ക്കും അവകാശപ്പെട്ടതാണ്. എന്നുപറയുമെങ്കിലും അവൾക്ക് പതിച്ചു കിട്ടിയിരിക്കുന്ന സ്ഥലം അടുക്കളയും അതിന്റെ പിന്നാമ്പുറങ്ങളുമാണ്. സ്ത്രീ അടുക്കളയിൽ അരങ്ങുതകർക്കുകയാണ്. പക്ഷെ അവളുടെ പ്രോഗ്രാമിന് ഡിജെ മ്യൂസിക്കിന്റെ അകമ്പടിയില്ല. യാതൊരുവിധ കൊട്ടിഘോഷങ്ങളുമില്ല. പക്ഷേ അവളുടെ പ്രവർത്തനത്തിന്റെ താളാത്മകത, അവളുടെ ഉള്ളിലെ കല, ആരും തിരിച്ചറിയുന്നില്ല. ഇതു വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ ഒരു പുരുഷനാണെങ്കിൽ വായന ഒന്ന് സ്റ്റോപ്പ് ചെയ്ത ശേഷം ഒന്ന് ചിന്തിക്കൂ.. ഒരാഴ്ച അല്ലെങ്കിൽ ഒരു ദിവസം അടുക്കള ഭരണം കയ്യിൽ കിട്ടിയാൽ എന്തായിരിക്കും ഫലം. നല്ല താളാത്മകമായിരിക്കുമല്ലേ. ഒരു തുള്ളി ഉപ്പ് കിട്ടാൻ വേണ്ടി അടുക്കളയിലുള്ള ഭരണികൾ മുഴുവൻ തുറന്ന് മലർത്തി ഇഷ്ടമുള്ളിടത്ത് വയ്ക്കുന്നു. ആകെ ഒരു ബഹളമയം. പിന്നെ എല്ലാം ഒന്ന് ശരിയാക്കണമെങ്കിൽ അവൾ തന്നെ വരണം. അവൾ കൈ അങ്ങോട്ടു തിരിച്ചു ഇങ്ങോട്ടു തിരിച്ചു 2 വട്ടം കറങ്ങി അടുക്കള ക്ലീൻ, അവൾ അടുപ്പിൽ വിറക് ഒന്നു വച്ചാൽ മതി, അതിനുമുണ്ട് കല. ഒന്നിനുമുകളിൽ ഒന്ന്. തീ കത്തിക്കയറും വിധം" അവളുടെ ഉള്ളിലെ കല എല്ലായിടത്തും പ്രതിഫലിക്കുന്നു.

വിധിയിൽ തളരാതെ ആധുനികലോകത്തിന്റെ സർവ്വസാധ്യതകളേയും പ്രയോജനപ്പെടുത്തി തന്റെ കലാസൃഷ്ഠികൾക്ക് പുതിയ മാനം നൽകാൻ ഒരുങ്ങുന്ന സ്ത്രീകൾ നമ്മുടെ സമൂഹത്തിൽ ഉണ്ട് എന്നത് ശ്രദ്ധാർഹമാണ്. തകർച്ചകൾക്കു മുമ്പിൽ തളരാതെ പോരാടിയ മേരിക്കുട്ടി നമുക്കുമുമ്പിൽ ഇതിനുദാഹരണമാണ്.

മലമടക്കുകൾക്കിടയിൽ ഇളം കാറ്റിന്റേയും കോടമഞ്ഞിന്റേയും സുഗന്ധവ്യഞ്ജനങ്ങളുടെയും സൗരഭ്യം പരത്തുന്ന ഹൈറേഞ്ചിൽ നിന്ന് മേരിക്കുട്ടി എന്ന സ്ത്രീ തന്റെ അതിജീവനത്തിന്റെ കഥ നമ്മോടു പറയുന്നു. ബാല്യത്തിലേ പോളിയോ തളർത്തിയ കാലുകളുമായി എവിടെയെങ്കിലും ഒതുങ്ങിക്കൂടുവാൻ കട്ടപ്പന ഗ്രാമത്തിൽ തോണിക്കുഴി വീട്ടിൽ മേരിക്കുട്ടിയെന്ന യുവതി ഒരിക്കലും തയ്യാറായിരുന്നില്ല. മാതാപിതാക്കളുടെ സപ്പോർട്ടും സഹോദരങ്ങളുടെ കൈത്താങ്ങും എല്ലാറ്റിനുമുപരി തികഞ്ഞ ഈശ്വരവിശ്വാസവും ഉള്ളിലെ ആത്മവിശ്വാസവും എല്ലാം മേരിക്കുട്ടിയുടെ കലയെ പുറം ലോകം മുഴുവൻ അറിയിച്ചു. ഇന്ന് മറ്റുള്ളവരുടെ ഭാഷയിൽ വിശ്രമജീവിതം നയിക്കാൻ സാധിക്കുന്ന അല്ലെങ്കിൽ ശാരീരിക ന്യൂനതയാൽ എവിടെയെങ്കിലും ഒതുങ്ങിക്കൂടാവുന്ന പ്രായത്തിലുള്ള മേരിക്കുട്ടി ഇന്നും കാഴ്ചയിൽ "Young" ആണ്. ഉള്ളിന്റെ ഉള്ളിലെ സർഗ്ഗാത്മകത പുറത്തേയ്ക്കു വന്ന് അത് പല കലാരൂപങ്ങളായി മാറുന്നതിൽ എന്നും സന്തോഷിക്കുന്ന മേരിക്കുട്ടി എങ്ങനെ എന്നും ഒരു യുവതിയല്ലാതിരിക്കും. ഏറെയാളുകളും തനിക്ക് ശാരീരിക ന്യൂനതയാണ് മറ്റുള്ളവർ പരിഹസിക്കും എന്ന് ചിന്തിക്കുന്ന ഒരു കാലഘട്ടത്തിൽ മേരിക്കുട്ടിയും വീട്ടുകാരും മറിച്ചാണ് ചിന്തിച്ചത്. എന്തുകൊണ്ട് എനിക്കും മറ്റുള്ളവരെപ്പോലെ ആയിക്കൂടാ.

പൂക്കളും, പൂക്കൂടകളും, കുടകളും കൂടാതെ സാരി ഡിസൈനിംഗ്, ബ്യൂട്ടീഷൻ, ഗ്ലാസ്സ് പെയിന്റിംഗ് എന്നുവേ നാം വലിച്ചെറിയുന്ന 50 പൈസക്കൂടിൽ നിന്ന് അതിമനോഹരമായ പൂക്കൾ നിർമ്മിക്കുന്ന മേരിക്കുട്ടി എന്നും പുതുമയെ തേടുകയും അത് പരീക്ഷിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണ്. മാതാപിതാക്കളിൽ നിന്നും സഹോദരങ്ങളിൽ നിന്നും കിട്ടിയ പ്രോത്സാഹനമാണ് ഇതിനു പിന്നിലെന്ന് മേരിക്കുട്ടി വിശ്വസിക്കുന്നു. തന്റെ ന്യൂനതയുള്ള കാലുകളൂന്നി ദേവാലയത്തിലെത്തി പ്രാർത്ഥിക്കുന്ന മേരിക്കുട്ടി പറയുന്നു: ദൈവാനുഗ്രഹത്തിലൂടെ ലഭിച്ച ഇച്ഛാശക്തി വഴിയാണ് ക്യാൻസറെന്ന മാരക രോഗത്തെയും മറ്റു പ്രതിസന്ധികളെയും തനിക്ക് നേരിടാനുള്ള ഊർജ്ജം ലഭിച്ചതെന്ന്. പ്രോത്സാഹനവുമായി കൂടെ നിന്ന ചാച്ചനും അമ്മച്ചിയും ഇന്നും സ്വർഗ്ഗത്തിലിരുന്ന് തന്നെ അനുഗ്രഹിക്കുന്നു എന്ന വലിയ വിശ്വാസവും മേരിക്കുട്ടിയ്ക്കുണ്ട്. മേരിക്കുട്ടിയുടെ ഭവനത്തിൽ കടന്നുചെന്നാൽ സ്വന്തമായി നിർമ്മിച്ച കലാരൂപങ്ങൾ നമുക്കു കാണാൻ സാധിക്കും. കൂടാതെ സഹോദരങ്ങളുടെ കൂടെ അവരുടെ കടയിലും മറ്റും സഹായഹസ്തവുമായി കടന്നുചെല്ലുന്ന മേരിക്കുട്ടി തന്റെ സമയത്തെ ഏറെ ക്രിയാത്മകമായി വിനിയോഗിക്കുകയാണ്. അപകർഷതയ്ക്കും കുറ്റപ്പെടുത്തലിനും വഴിപ്പെടാതെ പോസിറ്റീവ് എനർജിയിലൂടെ പാഴ്‌വസ്തുക്കളെ പോലും അലങ്കാരവസ്തുക്കളാക്കി നിറപ്പകിട്ടാക്കുന്ന മേരിക്കുട്ടി ഈയവസരത്തിൽ പറയുന്നത് ശ്രദ്ധാർഹമാണ്, **"എന്റെ ഉള്ളിൽ നിറയെ ദൈവം സർഗ്ഗാത്മക കഴിവുകൾ നൽകി, വൈകല്യങ്ങളെ മറക്കാൻ അത് എന്നെ സഹായിച്ചു. ഇച്ഛാശക്തിയുണ്ടെങ്കിൽ വൈകല്യങ്ങൾ ഒരു തടസ്സമല്ല.** മനുഷ്യരെയും മറ്റ് വസ്തുക്കളേയും അണിയിച്ചൊരുക്കുന്ന മേരിക്കുട്ടിയെ ദൈവവും അണിയിച്ചൊരുക്കുന്നു.

മേരിക്കുട്ടിയുടെ ഉള്ളിലെ കല വളരുകയാണ്. വർണ്ണങ്ങളുടേയും കലയുടേയും ആ താഴ്‌വരയിൽ പൂ വിരിയാറുണ്ട്... പൂമ്പാറ്റ പറക്കുന്നുണ്ട്. പുഴ ഒഴുകുന്നുണ്ട് വൈകല്യങ്ങളുടെ നടുവിലും ചിറകുവിരിക്കാൻ വെമ്പൽ കൊള്ളുന്ന മേരിക്കുട്ടി നമ്മിലെ നന്മകളുടെ കലവറ തുറക്കാൻ നമുക്കൊരു പ്രചോദനമാകട്ടെ.





# അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്...



**സാലമ്മ മാത്യു**

ജീവിതയാത്രയിലെ കുടുംബബന്ധങ്ങളുടെ നാലറ്റങ്ങളെ കൂട്ടിമുട്ടിക്കാൻ പണിപ്പെടുന്ന കുടുംബനായകനോടു ചേർന്ന് അടുക്കളയാകുന്ന അണിയറയിലെ പ്രധാനനായിക മാത്രമായിരുന്നു ഒരു കാലത്ത് സ്ത്രീ ജനങ്ങൾ. തലയുയർത്തി നിന്നിരുന്ന ഇല്ലങ്ങളുടെ നാലുകെട്ടിനുള്ളിൽ മാത്രം ജീവിതം ഒതുക്കി നിർത്താൻ വിധിക്കപ്പെട്ടിരുന്നവരെങ്കിലും അവൾ കുടുംബത്തിന്റെ ഐശ്വര്യമായ കുടുംബസ്ത്രീ ആയിരുന്നു. ഇന്നത്തെ കുടുംബ "സ്ത്രീകളെ കുടുംബ"ശ്രീയാക്കിയ പ്രസ്ഥാനമാണ് കുടുംബശ്രീ എന്ന സംഘടന.

ഐശ്വര്യത്തിന്റെ പ്രതീകങ്ങൾ ഒത്തുചേർന്നപ്പോൾ അവർ നമ്മുടെ ഇടയിൽ അനുഗ്രഹ ഐശ്വര്യ"ഉഷസ്സ്"തുടങ്ങിയ പേരുകളിലൊക്കെ അറിയപ്പെട്ടു. എല്ലാ സ്ത്രീകൾക്കും സ്വയം ആർജ്ജിതമായ അവബോധം എല്ലാക്കാര്യങ്ങളിലും വേണം. അതിനുള്ള വേദിയാണ് കുടുംബശ്രീ പോലുള്ള സ്ത്രീ സംഘടനകൾ.

സ്ത്രീശാക്തീകരണവും സാമൂഹ്യ പുരോഗതിയും ലക്ഷ്യമിട്ട് സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ച ഔദ്യോഗിക മിഷനാണ് കുടുംബശ്രീ. 1998 മെയ് 17 ന് മലപ്പുറം ജില്ലയിൽ വച്ച് ബഹു. മുൻ പ്രധാനമന്ത്രി ശ്രീ. അടൽ ബിഹാരി വാജ്പേയി ഉദ്ഘാടനം നിർവഹിച്ച ഈ പദ്ധതിക്ക് നബാർഡിന്റെ സഹായത്തോടെ കേരളസർക്കാർ രൂപം നൽകി. ദരിദ്രസ്ത്രീകളുടെ കാര്യശേഷിയിലും ആസൂത്രണവൈഭവത്തിലും പൂർണ്ണവിശ്വാസം പുലർത്തി തികച്ചും സുതാര്യവും വികേന്ദ്രീകൃതവുമായ സമീപനമാണ് ഈ പദ്ധതിക്കുള്ളത്. ഒരുകൂട്ടം ഇല്ലായ്മകളുടേയും നിഷേധങ്ങളുടേയും ഫലമാണ് ഈ പദ്ധതി. കുടുംബശ്രീ എന്ന ഈ പദ്ധതി ഇന്ന് 18 -ാം വർഷത്തിലേയ്ക്കു കടക്കുമ്പോൾ ഇന്നത്തെ

സമൂഹത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെടേണ്ട അനേകം മുന്നേറ്റങ്ങൾ ഈ സംഘടനയിൽ നമുക്കു കാണാൻ സാധിക്കും.

എല്ലാ സ്ത്രീകൾക്കും സ്വയം ആർജ്ജിതമായ അവബോധം എല്ലാക്കാര്യത്തിലും വേണം. അതിനാണ് കുടുംബശ്രീ പോലുള്ള സ്ത്രീകളുടെ കൂട്ടായ്മകൾ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത. ഒരു വിധത്തിൽ സ്ത്രീകളനുഭവിക്കുന്ന പലതരത്തിലുള്ള ശാരീരികവും മാനസികവും ആത്മീയവുമായ സംഘർഷങ്ങൾക്ക് ഒരു പ്രതിവിധിയായി മാറിക്കൊണ്ടിരിക്കുകയാണ് ഈ അയൽക്കൂട്ടങ്ങൾ ഒരു സ്ത്രീയുടെ ജീവിതത്തിലേയ്ക്ക് കടക്കുമ്പോൾ ദിവസത്തിൽ എത്രയോ പ്രാവശ്യം തൺെറ ഭവനത്തിന് ചുറ്റും അവൾ വലയം വയ്ക്കുന്നുണ്ട്. എന്തിനും ഏതിനും എവിടെയും ഒരു സ്ത്രീയുടെ, അമ്മയുടെ ഭാര്യയുടെ കരങ്ങൾ വേണം. അവിടെ സ്വന്തം ഇഷ്ടങ്ങൾ പരിഗണിക്കാനും, സ്വന്തം ആരോഗ്യത്തെ ശ്രദ്ധിക്കാനും വേണ്ടത്ര സമയം വിശ്രമിക്കാനൊന്നും അവൾക്ക് കിട്ടാറില്ല.

**ഇന്നത്തെ കുടുംബ സ്ത്രീകളെ കുടുംബ ശ്രീ' യാക്കിയ പ്രസ്ഥാനമാണ് കുടുംബശ്രീ എന്ന സംഘടന.**

തിരക്കു പിടിച്ച ഈ ജോലികൾക്കിടയിൽ ഭർത്താവിൽ നിന്ന് ഭർത്താവിന്റെ വീട്ടുകാരിൽ നിന്നൊക്കെ എത്രമാത്രം പരിഗണന അവൾക്ക് ലഭിക്കുന്നുണ്ട്. എന്നാൽ കുടുംബത്തിൽ മാത്രം ഒതുങ്ങാതെ സമൂഹമദ്ധ്യത്തിലേയ്ക്ക് അവൾ ഇറങ്ങിയപ്പോൾ ഈ വക സംഘടനകളിലൂടെ തന്റെ തന്നെ ദുഃഖങ്ങൾ പങ്കുവയ്ക്കാൻ മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേരാനും മാത്രമല്ല തങ്ങളുടേ തന്നെ വ്യക്തിത്വരൂപീകരണം നടത്തുവാനും വ്യക്തിബന്ധങ്ങളെ ആഴപ്പെടുത്തുവാനും തങ്ങളിൽ അന്തർലീനമായിരുന്ന കഴിവുകളെയും ആസൂത്രിതമായ കാര്യശേഷികളെയും എല്ലാം വളർത്തിയെടുക്കാൻ സ്ത്രീക്കു കഴിയുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെ മാനസികവും ശാരീരികവുമായ സംഘർഷങ്ങളിൽ നിന്നൊരു മോചനം അവൾക്ക് ലഭിക്കുന്നു. ഒരു കരുതലുപോലെ ചെറിയ ചെറിയ സമ്പാദ്യങ്ങൾ അവൾക്കുമായി. സുഹൃത്തുക്കൾക്കൊത്തു പ്രവർത്തിക്കാനും തന്റെ കഴിവുകളെ തിരിച്ചറിഞ്ഞു പ്രവർത്തിക്കാനും കുടുംബശ്രീ അവളെ സഹായിച്ചു. പൊതുപ്രവർത്തന വേദിയിൽ എതിർപ്പുകൾ നേരിട്ടപ്പോൾ ഒത്തൊരുമയോടെ പ്രവർത്തിക്കുവാനുള്ള ഒരു ചങ്കൂറ്റവും കരുത്തും ഈ സംഘടനയിലൂടെ അവൾക്ക് ലഭിച്ചു.

സ്വയം തൊഴിലിനും സമൂഹനന്മക്കുമായുള്ള ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ സ്ത്രീകൾ ബലഹീനപാത്രങ്ങളല്ല ഐശ്വര്യമാണ്, അനുഗ്രഹമാണ്, ഉഷസ്സാണ് എന്നൊക്കെ കുടുംബശ്രീ നമ്മെ ബോധ്യപ്പെടുത്തുന്നു. സ്ത്രീയും ഒരു വരമാണ്. നന്മതിന്മകളെ തിരിച്ചറിയാൻ കൊച്ചുഹൃദയങ്ങളെ താരാട്ടുപാടിക്കൊണ്ട് തന്റെ നെഞ്ചോടുചേർക്കുന്ന അമ്മമനസ്സുകൾ ഒത്തൊരുമിക്കുമ്പോൾ അത് നന്മയുടെ ഒരു കൂട്ടായ്മ എന്നും പ്രശോഭിക്കട്ടെ. ആ വിശ്വാസത്തിൽ അവർക്കാവശ്യമായ പ്രോത്സാഹനം നൽകാൻ നമുക്കും ശ്രമിക്കാം.

പ്രിയമുള്ളവരെ, നന്മ പൂക്കുന്ന ഒരു മരമുണ്ട് അത് നന്മയുടെ ഫലങ്ങളാകാൻ ഈ സ്ത്രീ സംഘടനകളോട് ചേർന്ന് നമുക്കും അതിന് ജലവും വളവും നൽകാം.

## കുടുംബശ്രീയുടെ മറ്റു ധർമ്മങ്ങൾ

1. സ്വയം തൊഴിലിന് ബാങ്ക് വായ്പയും സബ്സിഡിയും
2. ബാലസഭ രൂപീകരണം
3. ഗ്രാമസഭകളിലെ പങ്കാളിത്തം
4. ഓണച്ചന്ത
5. സ്വയം തൊഴിൽ വായ്പ
6. സ്വയം തൊഴിൽ പരിശീലനം
7. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ സാമ്പത്തിക സഹായം
8. ജീവകാരുണ്യ പ്രവർത്തനം
9. സമൂഹബന്ധങ്ങളുടെ വളർച്ച



# ദൂത്

ഏതൊരു നിർമ്മാതാവിനേയും പോലെ തന്നെ മനുഷ്യനെ രൂപപ്പെടുത്തിയവനും അവന്റെ ശരീരത്തെ എങ്ങനെയാണ് കാത്തുസൂക്ഷിക്കേണ്ടത് എന്നതിന് ചില നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. ഒരുപാത്രനിർമ്മാതാവ് ചൂടുവെള്ളത്തിൽ മാത്രമേ അതു കഴുകാവൂ എന്ന് നിർദ്ദേശിക്കുകയും ഉപയോഗിക്കുന്നയാൾ സ്വന്ത ഇഷ്ടപ്രകാരം പച്ചവെള്ളത്തിൽ കഴുകുകയും ചെയ്യ്തുകൊണ്ടിരുന്നാൽ അതിന്റെ ഗുണം (Quality) നഷ്ടപ്പെടും. നിർദ്ദേശം അനുസരിച്ചാൽ എന്നും ഗുണമേന്മയോടെ നിലനിൽക്കുകയും ചെയ്യും.

ദൈവാത്മാവു വസിക്കുന്ന ആലയം (മനുഷ്യശരീരം) പരിശുദ്ധിയോടെ കാത്തുസൂക്ഷിക്കാൻ ചുമതലപ്പെടുത്തുകയാണ് അതിന്റെ നിർമ്മാതാവ്. പുരുഷന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടത് അതേരൂപത്തിലും ഭാവത്തിലും കെട്ടിലും മട്ടിലും വേഷത്തിലും കാണപ്പെടണം. സ്ത്രീയുടെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ട ശരീരം അങ്ങനെതന്നെ അഭംഗുരം തുടരണം. പുരുഷൻ സ്ത്രീയെയോ സ്ത്രീ പുരുഷനെയോ അനുകരിക്കാൻ പാടില്ല. പുരുഷൻ സ്ത്രീയുടെ വേഷമോ സ്ത്രീ പുരുഷന്റെ വേഷമോ ധരിച്ചുകൂടാ എന്ന് കർശനമായി നിരോധിച്ചിരിക്കുന്നു. ഈ നിയമങ്ങൾ പാലിക്കപ്പെട്ടില്ലങ്കിൽ ഭവിഷ്യത്തുകൾ ഉറപ്പ്. ശരീരമാകുന്ന ആലയത്തെക്കുറിച്ച് സൃഷ്ടാവിന് അത്ര തീക്ഷ്ണതയുണ്ട്. ഈ ആലയത്തിലെ അശുദ്ധി അവിടുത്തേയ്ക്കു സഹിക്കാവുന്നതല്ല. അവിടെ മാനൃതയുടെ അതിർവരമ്പുലംഘിക്കുന്ന തരത്തിലുള്ള ശരീരം

**നാവിനുരുചികരമായ ഭക്ഷണം കാണുമ്പോൾ വായിൽ വെള്ളമൂറുന്നതുപോലെ ലൈംഗികാഭാസങ്ങളിലേയ്ക്കു നയിക്കാൻ വേഷവിധാനങ്ങൾക്കു കഴിയും.**



**ഏലിയാമ്മ കാനാട്ട്**

പ്രദർശനത്തിനിടയാക്കുന്ന കോമാളിവേഷങ്ങൾ അനുവദനീയവുമല്ല. എന്തുകൊണ്ടെന്നു ചോദിക്കുന്നവരുണ്ടാകാം.

സ്ത്രീസുരക്ഷയാണ് നമ്മൾ ഉന്നം വയ്ക്കുന്നത്. അതിനേറ്റവും ശക്തമായ ആയുധം ഉചിതവും മാന്യവുമായ വസ്ത്രധാരണം തന്നെയാണ്. സംശയമുണ്ടോ?. പുരുഷവർഗ്ഗത്തോടു ചോദിക്കൂ. ഏവരും ഒന്നടങ്കം ഒറ്റ സ്വരത്തിൽ പറയും, സ്ത്രീകൾ മാന്യമായ വസ്ത്രമേ ധരിക്കാവൂ എന്ന്. ഇക്കാര്യത്തിൽ പുരുഷമനോഭാവവും സ്ത്രീമനോഭാവവും തമ്മിൽ ഒരു പൊരുത്തപ്പെടലിന്റെ ആവശ്യമുണ്ട്. അവരുടെ ആവശ്യത്തെ ധിക്കരിക്കരുത്. തള്ളിക്കളയരുത്. പ്രത്യുത അനുസരിക്കണം. കിടപ്പറയ്ക്കു യോജിച്ചതരത്തിലുള്ള വേഷവും ധരിച്ചല്ല വീട്ടിലൂടെയോ സമൂഹമദ്ധ്യത്തിലൂടെയോ നടക്കേണ്ടത്. സ്ഥലകാലബോധം ഉണ്ടാവേണ്ടേ. അവനവനിലുള്ള മൃഗീയവാസനകളെ വെട്ടിയൊരുക്കി സംസ്ക്കരിച്ചെടുക്കാൻ കഴിയാത്തതുകൊണ്ടാണോ ഇങ്ങനെയുള്ള പ്രദർശനങ്ങൾക്കടിമപ്പെടുന്നത്. കായികരംഗത്തും സർക്കസ്സ് കൂടാരങ്ങളിലും പ്രത്യേകവേഷവിധാനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നത് മനസ്സിലാക്കാവുന്നതേയുള്ളു. ആ വേഷത്തേയും അവരെയും ലജ്ജിപ്പിക്കുന്നതരത്തിൽ സ്ത്രീ സമൂഹം ഒന്നാകെ അധഃപതിച്ചാലോ? പൊതുസ്ഥലം, സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ഓരോന്നിനും അതിന്റേതായ മാന്യതയും പവിത്രതയും ഉണ്ട്. അതു കാത്തുസൂക്ഷിക്കണം. ദുരാശകളിലേയ്ക്കു നയിക്കാവുന്ന ശരീരപ്രദർശനങ്ങൾ ഒഴിവാക്കിയേ പറ്റൂ. അത് ലോകത്തിൽ എവിടെയായിരുന്നാലും.

കോഴിക്കുഞ്ഞുങ്ങളെ റാഞ്ചാൻ മുകളിൽ വട്ടമിട്ടുപറക്കുന്ന പക്ഷിക്കൂട്ടങ്ങളിൽ നിന്ന് അവയെ രക്ഷിക്കാൻ ചെറിയൊരു ചെപ്പടിവിദ്യമതിയാകും. അവയെ ചായത്തിൽ മുക്കിവിടുക. ഇതുപോലെ സ്ത്രീസമൂഹത്തെ സുരക്ഷിതമാക്കാൻ മുഖ്യമായ മാർഗ്ഗം ഉചിതമായ വസ്ത്രധാരണം തന്നെയാണ്. ആരു വിചാരിക്കുന്നതിലും വളരെ ദൂരെവ്യാപകമായ ദോഷഫലങ്ങളാണ് ഇന്നത്തെ വസ്ത്രധാരണരീതിയിലൂടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്.

നാവിനുരുചികരമായ ഭക്ഷണം കാണുമ്പോൾ വായിൽ വെള്ളമൂറുന്നതുപോലെ ലൈംഗികാഭാസങ്ങളിലേയ്ക്കു നയിക്കാൻ വേഷവിധാനങ്ങൾക്കു കഴിയും. സംശയം വേണ്ട.

മാധ്യമങ്ങളിൽ അടിച്ചുവരുന്ന പരസ്യചിത്രങ്ങൾ ഒട്ടേറെപ്പേർ അനുകരിക്കാൻ ഇടയാക്കുന്നുണ്ട്. മാധ്യമപ്രവർത്തകരേ; നിങ്ങൾ ജാഗ്രതപാലിക്കണം. സമൂഹത്തിന്റെ കാവലാളുകളാകേവരാണ് നിങ്ങൾ പരസ്യചിത്രങ്ങളോ, സിനിമയിലെ വേഷമോ കണ്ടിട്ടല്ല തുന്നുന്ന വസ്ത്രത്തിന്റെ ആകൃതി നിശ്ചയിക്കേണ്ടത്. ധാരാളം ഫാഷൻഡിസൈനർമ്മാരുള്ള കാലമാണിത്. ഓരോ ശരീരഘടനയ്ക്കും മാന്യതയേറുന്ന തരത്തിലുള്ള വേഷങ്ങൾ ഡിസൈൻ ചെയ്യാൻ നിങ്ങൾക്കാകട്ടെ. കാണുമ്പോൾ കണ്ണുപൊത്തേണ്ടിവരുന്ന തരത്തിലുള്ള വേഷങ്ങൾ തുന്നാൻ ഒരു തുന്നൽക്കാരനും തുനിയാതിരിക്കട്ടെ.





# രേഖകൾ



സി. രമ്യാ മാത്യു
എസ്.സി.ജെ.ജി

## ക്യാമറക്കണ്ണുള്ള പാപ്പാത്തി

പാറിപ്പറക്കുന്ന പൂമ്പാറ്റയെപ്പോലെ കിനാക്കളുടെ പിന്നാലെ വർണ്ണശലഭമായി പറക്കുന്ന ഒരു പാപ്പാത്തിയുണ്ട്. കാടിനെ പ്രണയിക്കുന്ന പാപ്പാത്തി. യാത്രയേയും ഫോട്ടോഗ്രഫിയേയും പ്രാണനെക്കാളേറെ പ്രണയിക്കുന്ന ഈ പാപ്പാത്തിയുടെ പേര് ലിമി. വെഡ്ഡിംഗ് ഫോട്ടോഗ്രാഫി പ്രഫഷനായി സ്വീകരിച്ച അപൂർവ്വ വനിതകളിൽ ഒരാളായ പാപ്പാത്തി എം.ജി യൂണിവേഴ്സിറ്റിയിൽ നിന്നും ജേർണലിസ ബിരുദം പൂർത്തിയാക്കിയവളാണ്. നിരവധി സാഹസിക യാത്രകളിലൂടെ പ്രകൃതിയുടെ മനോഹാരിതയെ ക്യാമറ കണ്ണിൽ ഒപ്പിയെടുക്കുന്ന ലിമിയുടെ ഇഷ്ടവാഹനം 1982 മോഡൽ ബുള്ളറ്റാണ്. സഹധർമ്മചാരിയും, ക്യാമറാമാനുമായ അശോകനോടൊത്തുള്ള ഭാവിസ്വപ്നം ഇടുക്കി കുളമാവിന്റെ ദൃശ്യഭംഗിയെ ആസ്വദിക്കാനുതകുന്ന വൈക്കോലും, മണ്ണും, കുമ്മായവും കൊണ്ടുണ്ടാക്കുന്ന കോമ്പ് കോട്ടേജും, ഡോക്യുമെന്ററിയും, ചിത്രപ്രദർശനവും ആണ്. കൂടാതെ എല്ലാ ദിവസവും മനുഷ്യനല്ലാത്ത ഒരു ജീവിക്ക് ഭക്ഷണം കൊടുക്കണമെന്ന വ്യതിരക്തമായ ആഗ്രഹവുമുണ്ട് ഈ ക്യാമറാഫാമിലിക്ക്.

മൃഗങ്ങളെ നോവിക്കുന്ന മനുഷ്യരിൽ നിന്ന് വ്യത്യസ്ഥമായി, ഇന്നിന്റെ ലോകത്തിൽ നിന്നും വേറിട്ടു ചിന്തിക്കുന്ന സ്ത്രീ രത്നങ്ങളുടെ പ്രതിനിധിയാണീ പാപ്പാത്തി. മാറുന്ന ലോകത്തിനൊത്ത് മാറുന്ന നമ്മുടെ ചിന്തകളെ നന്മയിലേയ്ക്ക് വഴിതിരിച്ചുവിടാൻ ഈ പാപ്പാത്തിയുടെ ജീവിതം നമുക്ക് പ്രചോദനമാകട്ടെ.



## ഇവൾ ചോദിക്കുന്നു ചർമ്മം ദാനം ചെയ്യാൻ നീ ഒരുക്കമാണോ?.

കാലത്തിന്റെ ചുവരെഴുത്തുകൾക്കുതകുന്ന ചില സ്ത്രീ ജന്മങ്ങൾ ഉണ്ട്. കഥയറിയാതെ കാലത്തിനൊത്ത് നാം ഇഴഞ്ഞു നീങ്ങുമ്പോൾ യഥാർത്ഥജീവിതമാകുന്ന കഥയെ കാര്യമാക്കുന്നവർ. ഇത്തരത്തിലൊരാളാണ് പ്രഗ്യാസിങ്ങ് എന്ന ധീരവനിത.

വിവാഹത്തിന്റെ 12-ാം നാൾ ഡൽഹിയിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടയിൽ പ്രണയാ

ഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ ആസിഡ് ആക്രമണത്തിന് ഇരയായവൾ. എന്നാൽ കാലം കരുതിവച്ച ക്രൂരതയ്ക്കു മുമ്പിൽ പകച്ചുനിൽക്കാതെ ആത്മധൈര്യം വീണ്ടെടുത്ത് 2 വർഷത്തെ ചികിത്സയും ഒൻപതോളം പ്ലാസ്റ്റിക് സർജറികളും വഴി അവൾ യഥാർത്ഥ ജീവിതത്തിലേയ്ക്ക് തിരികെ വന്നു ഒരു അതിജീവനത്തിന്റെ കഥയുമായി. ശേഷം ജീവിതം ആസിഡ് ആക്രമണ ഇരകൾക്കു വേണ്ടി അവൾ ഉഴിഞ്ഞുവച്ചു. 2013 ബാംഗ്ളൂരിൽ അവർക്കുവേണ്ടി അതിജീവൻ എന്ന സംഘടനയുണ്ടാക്കി. ഇതുവഴി ചർമ്മദാനത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും സ്കിൻ ബാങ്കുകളെക്കുറിച്ചും ആളുകളെ ബോധവൽക്കരിക്കുന്നു.

നിർഭാഗ്യമെന്നുപറയട്ടെ പ്രഗ്യാസിങ്ങിന്റെ അഭിപ്രായമനുസരിച്ച് ഇന്ത്യയിൽ വിരലിലെണ്ണാവുന്ന സ്കിൻ ഡോണേഴ്സ് മാത്രമാണുള്ളത്. പ്രഗ്യാ പറയുന്നു “ജീവൻ രക്ഷാ മാർഗ്ഗത്തിന് നേത്രദാനം പോലെ വിലയുള്ളതാണ് ചർമ്മദാനവും.“ ഓർക്കാം, ചിന്തിക്കാം ഈ ചെറിയ ജീവിതം കൊണ്ട് എത്രയോ വലിയ നന്മകൾ ലോകത്തിന് നമുക്ക് നൽകാനാകുമെന്ന്.



## യുദ്ധഭൂമിയിൽ അണയാത്ത കനൽ – അമ്മ

ജീവിതയാഥാർത്ഥ്യങ്ങളോട് നേരിടുവാൻ കയ്യിൽ തോക്കുമായി നിൽക്കേണ്ടിവരുന്ന ചില സ്ത്രീജന്മങ്ങളുണ്ട്. ഈ ആധുനിക യുഗത്തിലും നൊന്തുപ്രസവിച്ച മക്കളുടെ ഭാവി സുരക്ഷിതത്വത്തിനു വേണ്ടി കയ്യിൽ തോക്കും കണ്ണിൽ കനലുമായി നിൽക്കേണ്ടിവരുന്ന അമ്മമാർ.

നസ്രിൻ എന്ന 55 വയസ്സുകാരിയായ അമ്മയ്ക്കു സ്വന്തം മക്കളുടെ കണ്ണിൽ നോക്കുമ്പോൾ കാണാൻ കഴിയുന്നത് അനാഥത്വത്തിന്റേയും സുരക്ഷിതത്വത്തിന്റേയും നടുവിൽ കഴിയുന്ന അനേകം കുഞ്ഞുങ്ങളെയാണ്. അതുകൊണ്ട് 11 വയസ്സായ കുർദിഷ് ആംഡ് എന്ന തന്റെ മകളുടെ കയ്യിൽ ആ അമ്മ തോക്കുവച്ചു കൊടുത്തു കളിക്കാനല്ല ജീവിക്കാനായ്. വരും തലമുറയ്ക്ക് സമാധാനമായി ജീവിക്കാനുള്ള മണ്ണൊരുക്കാൻ നസ്രിയോടൊപ്പം പെഷ്മെർഗ വിമൻസ് ഇറ്റാലിയനിലുണ്ടായിരുന്നത് 100 കണക്കിനമ്മമാർ ആണ്. രാജ്യത്തിനു വേണ്ടി പൊരുതി ഐഎസ് ഭീകരരുടെ തോക്കിനുമുന്നിൽ സ്വന്തം മകൾ പിടഞ്ഞുവീണപ്പോഴും മറ്റൊരു യുദ്ധഭൂമിയിൽ പോരാട്ടത്തിലായിരുന്നു ആ അമ്മ. ജീവനറ്റ തന്റെ മകളുടെ മൃതശരീരം കബറിലേയ്ക്ക് എടുക്കുമ്പോൾ അവളുടെ ചിത്രം പതിച്ച ബാഡ്ജ് നെഞ്ചോടു ചേർത്ത് പിടിച്ച്



ആ അമ്മ പറഞ്ഞു “ഞാൻ തുടരും എന്റെ ഈ പോരാട്ടം“. നീചഭീകരവാദികളുടെ കൂട്ടമായ ഐഎസ് ഭീകരരെ തുരത്തുവാൻ ഇന്നും ആ അമ്മ തന്റെ യുദ്ധം തുടരുകയാണ്. രാജ്യാന്തര മാധ്യമങ്ങളിലടക്കം വാർത്തയായി ഈ അമ്മയുടെ ജീവിതം ഇന്നു തുടരുമ്പോൾ അവൾ കണ്ണീരോടെ നമ്മോടു പറയുന്ന ഒന്നുണ്ട്, ഐഎസിന്റെ ആദ്യ ആക്രമണം ഉണ്ടായപ്പോൾ തന്നെ രാജ്യത്തിനുവേണ്ടി പോരാടി മരിക്കാനുറച്ച ആയിരക്കണക്കിന് അമ്മമാരിൽ ഒരാൾ മാത്രമാണ് താനെന്ന്.

**മരണം ഉറപ്പാണെന്നറിഞ്ഞിട്ടും ഭാവി തലമുറയുടെ ഐശ്വര്യത്തിനുവേണ്ടി ജീവൻ പണയംവയ്ക്കാൻ തയ്യാറായിരി ക്കുന്ന അമ്മമാർ, അതെ യഥാർത്ഥ സ്നേഹത്തിന്റെ ചിലമ്പൊലി നാമിവിടെ കേൾക്കുന്നില്ലേ.** സമൂഹത്തിനുവേണ്ടി, രാജ്യത്തിനുവേണ്ടി പോരാടുവാൻ ഭാവിതലമുറയ്ക്കുവേണ്ടി നന്മയുടെ മരത്തണലൊരുക്കുവാൻ പ്രിയ അമ്മമാരെ നമുക്ക് കൈകോർക്കാം. നന്മ പൂക്കുന്ന രാജ്യത്തിനായി ജയ്വിളികൾ ഉണർത്താം.

കടപ്പാട്: മലയാള മനോരമ



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ആകാശത്തിന്റെ ജാലകങ്ങൾ മെല്ലെ തുറക്കപ്പെട്ടു. ഒപ്പം അറിവിന്റെ ആദ്യാക്ഷരം കുറിക്കുന്ന കുരുന്നുകൾക്കുമായി പള്ളിക്കൂടത്തിന്റെ ജാലകങ്ങളും.

പുത്തനുടുപ്പും പുത്തൻ ചെരിപ്പുകളും ധരിച്ച് സ്കൂൾ ബാഗും തോളിൽ തൂക്കി പുതുതായിവാങ്ങിയ പൂക്കുടയുമായി തോരാമഴയത്ത് അമ്മയുടെ, കൈപിടിച്ച് കരഞ്ഞും വാശിപിടിച്ചും പള്ളിക്കൂടങ്ങളിലേയ്ക്ക് നടന്നു നീങ്ങുന്ന ഉണ്ണികൾ ഇന്ന് ഗ്രാമീണ കാഴ്ചയായി മാത്രം ഒതുങ്ങുന്നു. എങ്കിലും വിദ്യാധനത്തിന്റെ ആഴങ്ങൾ തേടുന്ന കൊച്ചുഹൃദയങ്ങൾ പുത്തനുണർവ്വോടെ വിദ്യാലയങ്ങളുടെ പടിചവിട്ടുന്ന നാളെയുടെ



സി. ആൻസ് മരിയ എസ്.സി.ജെ.ജി


വാഗ്ദാനങ്ങളാണ്. മക്കളെ അണിയിച്ചൊരുക്കി വിദ്യാലയത്തിലയയ്ക്കുമ്പോൾ മാതാപിതാക്കളുടെ ഹൃദയം തീർച്ചയായും തുടിക്കുന്നുണ്ടാകും. കാരണം വ്യക്തിത്വമൂല്യങ്ങളും അറിവും സമ്പാദിച്ച് അവർ തങ്ങളുടെ ജീവിതത്തിന്റെ വാർദ്ധക്യദശയിൽ താങ്ങും തണലുമേകുമെന്ന പ്രത്യാശയിൽ. അതെ തുറക്കപ്പെടുന്ന പുതിയ അദ്ധ്യായന വർഷം മാതാപിതാക്കൾക്കും കുട്ടികൾക്കും ഒരുപോലെ പ്രത്യാശയുടെ വാതിലാണ്. പ്രതീക്ഷയോടെ വിദ്യാലയമുറ്റത്ത് ചവിട്ടുന്ന കുരുന്നുപാദങ്ങളും, അവരെ കൈപിടിച്ചാനയിക്കുന്ന രക്ഷിതാക്കളുടെ ഹൃദയവികാരങ്ങളും പച്ചപ്പരവതാനിപോലെ ഫലസമൃദ്ധങ്ങളായി തീരട്ടെ.

ജൂൺമാസം പുത്തൻ പ്രതീക്ഷകൾ നാമ്പെടുക്കുന്ന ദിനങ്ങളാണ്. കൊടും ചൂടിൽ ഭൂമി വറ്റിവരണ്ട് സസ്യലതാതികൾ കരിഞ്ഞുണങ്ങി. സൂര്യതാപത്തിന്റെ കാഠിന്യത്താൽ ജീവജാലങ്ങൾ തളർന്നുവീണു. ഇതാ ജലം വറ്റി വിണ്ടുകീറിയ ഭൂമിയിലേയ്ക്ക് ആകാശജാലകങ്ങൾ തുറന്ന് മഴത്തുള്ളികൾ അടർന്നു വീഴുന്നു. ഒരുതുള്ളി ജലത്തിൽ ഒരായിരം ജീവകണികകൾ. ഓരോ തുള്ളി ജലവും ഒരായിരം ജീവകോശങ്ങൾക്ക് ജന്മമേകുന്നു. അടർന്നു വീഴുന്ന ഈ മഴത്തുള്ളികൾ ഭൂവിൽ പ്രത്യാശയുടെ പച്ചപ്പ് വിരിയിക്കട്ടെ.

കഴിഞ്ഞുപോയ നമ്മുടെ വിദ്യാലയസ്മരണകളെ ഹൃദയത്തിന്റെ മനോമുകുരങ്ങളിൽ ഓർത്തെടുത്ത് നമ്മുടെ പ്രതീക്ഷകൾക്ക് ചിറകുവിടർത്തി ഊർജ്ജമേകിയ നല്ല തമ്പുരാന് നന്ദി പറയാനുള്ള ഒരു വേദിയായി മാറട്ടെ ഈ സുദിനങ്ങൾ. അതോടൊപ്പം പ്രത്യാശയോടെ ഭാവിയെ നോക്കികാണുന്ന കുരുന്നുകളുടെ സ്വപ്നങ്ങൾ ഈ ഭൂമിയിൽ വിടരട്ടെ. പുതിയ അദ്ധ്യായനവർഷവും അടർന്നുവീഴുന്ന ഓരോ മഴത്തുള്ളിയും നമ്മുടെ പ്രതീക്ഷകളെ ഒരുപോലെ തൊട്ടുണർത്തുമ്പോൾ പ്രതീക്ഷകൾക്കൊത്തു വളരുവാൻ. ഭാവിയുടെ വാഗ്ദാനങ്ങളാകുവാൻ" നന്മയുടെ പ്രതീകങ്ങളാകുവാൻ" നമ്മുടെ കുരുന്നുകൾക്കാകട്ടെ. എല്ലാ കൂട്ടുകാർക്കും ഇത് നന്മയുടെ വസന്തം വിരിയുന്ന വർഷമാകട്ടെ.

**വിദ്യാധനത്തിന്റെ ആഴങ്ങൾ തേടുന്ന കൊച്ചുഹൃദയങ്ങൾ പുത്തനുണർവ്വോടെ വിദ്യാലയങ്ങളുടെ പടിചവിട്ടുന്ന നാളെയുടെ വാഗ്ദാനങ്ങളാണ്.**





# കാവലാൾ



സി. ലില്ലി ട്രീസാ എസ്.സി.ജെ.ജി

ഭൂമി ഒരിക്കലും മനുഷ്യന്റെ സ്വകാര്യ സ്വത്തല്ല അത് സർവ്വജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. പ്രപഞ്ചത്തിലെ എല്ലാ ആവാസവ്യവസ്ഥകളെയും നശിപ്പിച്ച് ജീവജാലങ്ങൾക്ക് അന്തകരായി അധികം കാലം മനുഷ്യനു സുഖമായി ഈ ഭൂമിയിൽ ജീവിക്കുക സാധ്യമല്ല. അഹന്തയോടെ ചെയ്യുന്ന പ്രവർത്തികൾ മനുഷ്യന്റെ അന്തകരായി മാറുന്ന കാഴ്ചയാണ് നാം ഇന്നു കാണുക.

2015 മെയ്യ് 24 തിരുസഭയുടെ പരമോന്നത ആചാര്യനായ ഫ്രാൻസിസ് മാർപ്പാപ്പ 'അങ്ങേയ്ക്ക് സ്തുതി''' (Laudato si) എന്ന തന്റെ ചാക്രിക ലേഖനത്തിൽ പറയുന്നു: "''ഞങ്ങളെ നിലനിർത്തുകയും ഭരിക്കുകയും നാനാജാതി ഫലങ്ങളും വർണ്ണപുഷ്പങ്ങളും ചെടികളും ഉത്പാദിപ്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെ സഹോദരിയും മാതാവുമായ ഭൂമിയിലൂടെ എന്റെ നാഥാ അങ്ങേയ്ക്കു സ്തുതി'' മാർപ്പാപ്പ ശക്തമായ ഭാഷയിൽ നമ്മെ ഓർമ്മപ്പെടുത്തുക ഭൂമി നമ്മുടെ പൊതുഭവനമാണ് എന്നാണ്. ദൈവം കനിഞ്ഞു നൽകിയ വസ്തുകളുടെ നിരുത്തരവാദിത്വപരമായ ഉപഭോഗവും ഉപയോഗവും വഴി ഭൂമിയെ നാം ഏല്പിക്കുന്ന ദ്രോഹം നിമിത്തം ഈ സഹോദരി നമ്മോട് നിലവിളിച്ച് അപേക്ഷിക്കുന്നു. "അങ്ങേയ്ക്കു സ്തുതി എന്ന ചാക്രിക ലേഖനം ഭൂമിയെ നാം ഏറെ ജാഗ്രതയോടെ പരിരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തൽ മാത്രമല്ല, ആഗോളപാരിസ്ഥിതിക മാനസാന്തരത്തിനുള്ള ആഹ്വാനവുമാണ്. ഭൂമിയെ മലിനപ്പെടുത്തുകയും വിഷലിപ്തമാക്കുകയും ചെയ്യുന്ന വലിച്ചെറിയൽ സംസ്ക്കാരത്തിലൂടെ ആവാസവ്യവസ്ഥകളെപോലും തകിടം മറിക്കുന്ന മനുഷ്യന്റെ സ്വാർത്ഥമനോഭാവങ്ങളെ മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നു.

അസ്സീസിയിലെ വി. ഫ്രാൻസിസ് പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടജാലങ്ങളേയും സഹോദരീസഹോദരന്മാരായികണ്ട് പ്രകൃതി സ്നേഹത്തിന്റെ ഉദാത്തമാതൃകയായി പ്രശോഭിക്കുകയും പ്രപഞ്ചത്തിന്റെ ഹൃദയത്തിൽ തൊട്ട് ദൈവത്തിലേയ്ക്ക് ഉയരുകയും ചെയ്ത വ്യക്തിയായിരുന്നു. സർവ്വജീവ




ജാലങ്ങളേയും കരുതലോടെ കാത്ത് പ്രപഞ്ചത്തിന്റെ തന്നെ കാവലാളാകാൻ മനുഷ്യൻ മറന്നപ്പോൾ പ്രകൃതിയുടെ സൗന്ദര്യം താളം തെറ്റി നശിച്ചു, പ്രകൃതി തന്നെ മനുഷ്യന് എതിരായി. കൊടിയ ചൂടും കടുത്തവരൾച്ചയും അതിവൃഷ്ടിയുമൊക്കെ മനുഷ്യന് നാശകാരണമായി. ഈ ഘട്ടത്തിലാണ് പ്രപഞ്ചസംരക്ഷണം എന്ന ആശയം മുന്നോട്ടു വന്നത്. മനുഷ്യന്റെ അനാസ്ഥ മൂലം നാമാവശേഷമായ ജീവജാലങ്ങൾ, സസ്യസമ്പത്ത് എന്നിവയെക്കുറിച്ചും എല്ലാറ്റിനും നാം സംരക്ഷകരാകണമെന്നും ഓർമ്മിപ്പിക്കുവാനുമാണ് ഒരു ദിനം മാറ്റിവയ്ക്കുവാൻ തീരുമാനമുണ്ടായത്.

ഉപയോഗശേഷം പാഴ്വസ്തുക്കൾ നിരുത്തരവാദിത്വപൂർവ്വം പുഴകളിലേയ്ക്കും തോടുകളിലേയ്ക്കും വലിച്ചെറിയാതെയും പ്രകൃതിവിഭവങ്ങളെ ദുരുപയോഗിക്കാതെയും ചൂഷണം ചെയ്യാതെയും ഊർജ്ജസ്രോതസ്സുകളെ വിവേകപൂർവ്വകമായ ഉപയോഗത്തിലൂടെയും പ്രകൃതിയെ കളങ്കിതയാക്കാതെ കാത്തുസൂക്ഷിക്കുവാൻ ഏവർക്കും ഉത്തരവാദിത്വമുണ്ട്. ഇക്കാര്യത്തിൽ കൊച്ചുകുട്ടികൾ മുതൽ പ്രായം ചെന്നവർക്ക് വരേ ശരിയായ ബോധവത്ക്കരണം നൽകേണ്ടതുണ്ട്. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ വലിച്ചെറിയുന്ന പേനകൾ പൊതുവായി സംഭരിച്ച് സംസ്ക്കരിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ഇതിനെക്കുറിച്ച് കുട്ടികൾക്ക് ശരിയായ അവബോധം ലഭിക്കും. മഴക്കാലത്ത് ഭൂമിയിൽ സമൃദ്ധമായി പെയ്തിറങ്ങുന്ന മഴവെള്ളം മഴക്കുഴികളിലൂടെ ഭൂമിയിൽ താഴ്ത്തിയും സംഭരിച്ചും നിർത്തിയാൽ മാത്രമേ വേനലിലും ജലസ്രോതസ്സുകളിൽ ജലം ഉണ്ടാവുകയൊള്ളൂ. അല്ലാത്തപക്ഷം വെള്ളപ്പൊക്കം സൃഷ്ടിച്ച് കാലവർഷം കടന്നുപോകും. ശരിയായ രീതിയിൽ സംസ്ക്കരിക്കാതെ ഭൂമിയിലേയ്ക്ക് വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഭൂമിയ്ക്ക് ചരമക്കുറിപ്പെഴുതുകയാണ് എന്ന സത്യം നാം മറന്നുപോകരുത്. ഒരും തലമുറകളോട് നാം വലിയ കരുതൽ കാണിച്ചേ മതിയാവൂ. വികസനപ്രവർത്തനങ്ങൾ വളർച്ചയിലേയ്ക്കുള്ള നാഴികക്കല്ലാകണം.

1972 ജൂൺ 5 ന് ലോക രാഷ്ട്രനേതാക്കൾ സ്റ്റോക്ക്ഹോമിൽ ഒന്നു ചേർന്നതിന്റെ ഫലമായി ‘മനുഷ്യനും പരിസ്ഥിതിയും’ എന്ന വിഷയത്തിലൂടെ പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യത്തോടെ 1973 ജൂൺ 5 ന് ആദ്യമായി ലോകപരിസ്ഥിതി ദിനം ആചരിച്ചു. 2016 ൽ ജീവനുവേണ്ടി വന്യതയിലേയ്ക്ക് എന്നതായിരുന്നു പ്രധാന വിഷയം. നാം ജീവിക്കുന്ന ഈ ഭൂമിയുടെ ഹരിതഛായസൂക്ഷിക്കുന്നവർ നാമാണ് എന്ന ബോദ്ധ്യം എല്ലാവരിലും നിറയട്ടെ. ദൈവം നല്ലതെന്നു കണ്ട ഈ ഭൂമിയിലെ എല്ലാറ്റിനേയും മനോഹരമായി കാണുവാൻ നാശം സംഭവിക്കാതെ കാത്തുസൂക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

**നാം ജീവിക്കുന്ന ഈ ഭൂമിയുടെ ഹരിതഛായ സൂക്ഷിക്കുന്നവർ നാമാണ്**

ചിത്രകഥ തുടരും...


മോനിന്ന് ബ്രദേഴ്സിനെ കണ്ടിട്ട് ഇഷ്ടമായി. അവനും അങ്ങനെയാകണമെന്ന് ആഗ്രഹം പറഞ്ഞു.
അതുകൊള്ളാം. നമ്മുടെ വീട്ടിൽനിന്ന് ഒരാൾ ദൈവവേലക്കു പോകുന്നതു നല്ലതാ
സന്ധ്യാപ്രാർത്ഥനയ്ക്കു സമയമായി മോനേ. കളി നിർത്തൂ.
ശരി അമ്മേ
ഈശോയേ, എന്നെ നല്ലൊരു ബ്രദറാക്കണേ. പാവങ്ങളിൽ അങ്ങയെ സേവിക്കാൻ എനിക്കിടയാക്കണമേ.



# ഉപകാരസ്മരണ

ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് +2 പരീക്ഷയിലും ചേച്ചിക്ക് ILETS പരീക്ഷയിലും മികച്ച വിജയം ലഭിച്ചു. ദൈവദാസൻ ഫോർത്തുനാത്തസുവഴി ദൈവം നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നു.

ജോൺ ജോർജ്ജ്
മാവടി, കൈലാസം

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് നാലുവർഷം കഴിഞ്ഞാണ് എന്റെ ഭാര്യ ഗർഭിണിയാകുന്നത്. രണ്ടര മാസം ആയപ്പോൾ ബ്ലീഡിംഗ് ഉണ്ടായി. ഈ സമയത്ത് ഞാൻ ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ ഭാര്യയ്ക്ക് സുഖപ്രസവം നൽകി കുഞ്ഞിന് ഒരാപത്തും വരാതെ രക്ഷിച്ചു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസ് വഴിയായി വലിയ ദൈവാനുഗ്രഹം നൽകിയതിന് ദൈവത്തിന് ഒരായിരം നന്ദി.

ജിനു ജോസഫ് & ജിൻസി തോമസ്
പന്നാംകുഴിയിൽ, കട്ടപ്പന

എന്റെ മകന്റെ വിവാഹം ആലോചിച്ചിട്ട് അനുയോജ്യമായ കല്യാണാലോചന വന്നില്ല. ബ്രദർ ഫോർത്തുനാത്തൂസിനെ ദൈവദാസനായി ഉയർത്തുന്ന ചടങ്ങിൽ സംബന്ധിച്ചു പ്രാർത്ഥിക്കുകയും. വിവാഹം നടന്നു കഴിഞ്ഞാൽ ഉപകാരസ്മരണ ഇവിടെ എഴുതി ഇട്ടേക്കാമെന്ന് നേർച്ച നേരുകയും ചെയ്തു. അധികം താമസിക്കാതെ തന്നെ നല്ല കല്യാണാലോചന വരികയും വിവാഹം നടക്കുകയും ചെയ്തു. ദൈവദാസൻ ബ്രദർ ഫോർത്തുനാത്തൂസിന്റെ അനുഗ്രഹത്താലാണ് ഇത് നടന്നതെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ദൈവത്തിന് ഒരായിരം നന്ദി.

താമസിച്ചതിന് ക്ഷമാപണം.
മേരി റീത്താ തോമസ്.

